2023
JUNE
06
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES



## വാഹനങ്ങളുടെ ചില്ലറ വിൽപനയിൽ 10 ശതമാനം വർധന

**ന്യൂഡൽഹി:** മേയ് മാസത്തിൽ വാഹനങ്ങളുടെ ചില്ലറ വിൽപനയിൽ 10 ശതമാനം വർധനവ്. പാസഞ്ചർ, ഇരുചക്ര വാഹനങ്ങളുടെയും ട്രാക്ടറുകളുടെയും വിൽപനയിൽ വർധനവുണ്ടായെന്ന് ഫെഡറേഷൻ ഓഫ് ഓട്ടമൊബീൽ ഡീലേഴ്സ് അസോസിയേഷൻ (എഫ്എഡിഎ) അറിയിച്ചു. കഴിഞ്ഞ വർഷം മേയിലെ 18,33,421 യൂണിറ്റിൽനിന്ന് ഇത്തവണത്തെ വിൽപന 20,19,414 യൂണിറ്റിലേക്കെത്തിയതായാണ് റിപ്പോർട്ടുകൾ. പുതിയ വാഹനങ്ങൾക്കുണ്ടായ ഡിമാൻഡും ബുക്കിങ്ങിലുണ്ടായ വർധനവും കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് മെച്ചപ്പെട്ടെന്ന് അസോസിയേഷൻ പ്രസിഡന്റ് മനീഷ് രാജ് സിംഗാനിയ അറിയിച്ചു.

ഇരുചക്ര വാഹന വിപണിയിൽ മാത്രം ഒൻപതു ശതമാനം വർധനവുണ്ടായി. 2022 മേയിൽ 13,65,924 യൂണിറ്റായിരുന്നത് ഇത്തവണ 14,93,234 യൂണിറ്റിലേക്കെത്തി. കൊമേഷ്യൽ വാഹന വിൽപന കഴിഞ്ഞ വർഷത്തെ 71,964 യൂണിറ്റിൽനിന്ന് ഏഴു ശതമാനം വർധിച്ച് 77,135 യൂണിറ്റും ട്രാക്ടർ വിൽപന മേയ് 2022 ലെ 64,528 യൂണിറ്റിൽനിന്നു 10 ശതമാനം വർധിച്ച് 70,739 ലും എത്തി. മുച്ചക്ര വാഹനങ്ങളിലാണ് റെക്കോർഡ് വിൽപന നടന്നത്. കഴിഞ്ഞ വർഷത്തേക്കാൾ 79 % വർധിച്ച് 79,433 ലെത്തി. മേയ് മാസത്തെ വിപണന ഡേറ്റ വന്നതോടെ കഴിഞ്ഞ ആഴ്ചയിൽ ഓട്ടോ സ്റ്റോക്കുകളെല്ലാം വിപണിയിൽ നേട്ടമുണ്ടാക്കിയിരുന്നു. ഹീറോ മോട്ടോകോർപ് മാത്രം വിപണിയിൽ 4 ശതമാനത്തിലേറെയാണ് മുന്നേറിയത്.

# വില വർധന ലക്ഷ്യമിട്ട് സൗദി ക്രൂഡ് ഓയിൽ ഉത്പാദനം കുറയ്ക്കുന്നു



**സൗദി അറേബ്യ:** രാജ്യാന്തര വിപണിയിലേക്കുള്ള ക്രൂഡ് ഓയിൽ വിതരണം കുറച്ച് സൗദി അറേബ്യ. ഒപെക്+ രാജ്യങ്ങൾ ക്രൂഡ് വിതരണത്തിൽ നിയന്ത്രണം കൊണ്ടു വന്നെങ്കിലും വിലയിൽ വർധനവ് ഉണ്ടാകാത്ത സാഹചര്യത്തിലാണ് പുതിയ തീരുമാനം. രാജ്യം ദിവസേന 10 ലക്ഷം ബാരൽ കുറയ്ക്കുമെന്നാണ് പുതിയ പ്രഖ്യാപനം. ഒപെക് കൂട്ടായ്!മയുടെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന വിയന്നയിൽ വച്ച് പ്രതിനിധികളുമായുള്ള കൂടിക്കാഴ്!ചയ്ക്ക് ശേഷം ജൂലൈ മുതൽ തീരുമാനം പ്രാവർത്തികമാക്കും. ഒപെക്+ കൂട്ടായ്മയിലെ മറ്റു രാജ്യങ്ങളും 2024 വർഷാവസാനം വരെ ക്രൂഡ് ഓയിൽ വിതരണത്തിലെ നിയന്ത്രണം തുടരുമെന്നാണ് റിപ്പോർട്ടുകൾ.

ക്രൂഡ് ഓയിൽ വിലയിലെ ഇടിവ് അമേരിക്കയിൽ പണപ്പെരുപ്പം ഒരു പരിധിവരെ കുറയ്ക്കാൻ കഴിഞ്ഞു. ഇത് ലോകത്താകമാനം പ്രതിഫലിച്ചു. അതിനാൽ വരും മാസങ്ങളിൽ വിതരണം തടസപ്പെടാതിരിക്കാൻ വേണ്ട നടപടികൾ ആരംഭിക്കുകയാണെന്ന് സൗദിയിലെ ഊർജകാര്യ മന്ത്രി അബ്ദുൾ അസീസ് ബിൻ സൽമാൻ പത്രസമ്മേളനത്തിൽ അറിയിച്ചു. ഉത്പാദനം കുറച്ചാലും ഗുണനിലവാരത്തിന്റെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ച്യ്ക്കും ഒരുക്കമല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. യുഎസിലേയും യൂറോപ്പിലേയും സാമ്പത്തിക പ്രതിസന്ധി ആശങ്കയുളവാക്കുന്നതാണ്. ചൈനയിൽ കോവിഡ് നിയന്ത്രണങ്ങൾ ലഘൂകരിച്ചത് ആശ്വാസമാണ്. ഒപെക് രാജ്യങ്ങളിൽ ക്രൂഡ്ഓയിൽ ഉത്പാദനത്തിൽ മുൻപന്തിയിലുള്ള സൗദിയും ഏപ്രിലിൽ 11.6 ലക്ഷം ടൺ ബാരൽ ഉത്പാദനം കുറച്ചിരുന്നു.

പ്രസിഡന്റ് ജോബൈഡൻ യുഎസിൽ മിഡ്ടേം ഇലക്ഷനോടനുബന്ധിച്ച് എണ്ണവില ഉയരുന്നതിൽ പ്രതിഷേധം അറിയിച്ചിരുന്നു. ഇതേ തുടർന്ന് ഒക്ടോബറിൽ പ്രതിദിനം 20ലക്ഷം ബാരലിന്റെ ഉത്പാദനം കുറയ്ക്കുമെന്ന് ഒപെക്+ രാജ്യങ്ങൾ അറിയിക്കുകയും ചെയ്തു. ഇത് വിപണിയിൽ ചെറിയ രീതിയിൽ എണ്ണ വില ഉയരാൻ കാരണമായിട്ടുണ്ട്. രാജ്യാന്തര വിപണിയിൽ ബ്രെന്റ് ക്രൂഡ് ബാരലിന് 87 ഡോളറിലെത്തിയപ്പോൾ യുഎസ് ക്രൂഡ് 70 ഡോളറിലേക്കെത്തി. ക്രൂഡ് വില കുറഞ്ഞത് യുഎസിലും യൂറോപ്യൻ രാജ്യങ്ങളിലും ഇന്ധനവില പിടിച്ചുനിർത്താൻ സാധിച്ചു. 20 യൂറോപ്യൻ രാജ്യങ്ങളിൽ ഇതിന്റെ ഗുണം ലഭിച്ചു. എന്നാൽ വില കുറയുന്നത് സൗദിയടക്കമുള്ള രാജ്യങ്ങളുടെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കും. വില ഒരുപരിധിയിൽ കുറയാതെ നിൽക്കേണ്ടത് രാജ്യത്തിന്റെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമാണ്.

രാജ്യാന്തര നാണ്യനിധിയുടെ(ഐഎംഎഫ്) കണക്കിനുസരിച്ച് ബാരലിന് 80.90 ഡോളർ ലഭിച്ചാൽ മാത്രമേ സൗദിക്ക് സാമ്പത്തികമായി നേട്ടമുള്ളൂ. രാജ്യത്തെ സ്വപ്ന പദ്ധതിയായ നിയോം ഡെസെർട്ട് സിറ്റിക്ക് മാത്രം വേണ്ടത് 50,000 കോടി ഡോളറാണ്. ലോകത്തെ എണ്ണ ഉത്പാദക രാജ്യങ്ങളിലൊക്കെ ക്രൂഡ് ഓയിലിന്റെ വില കുറയാതെ നോക്കേണ്ടത് ഇത് പ്രധാന സാമ്പത്തിക സ്രോതസ്സായത് കൊണ്ടാണ്. എന്നാൽ വില കൂടി കഴിഞ്ഞാൽ ലോകത്താകമാനം ഇന്ധനവില ഉയരാനും ഇത് സ്വാഭാവികമായും മറ്റു ഉത്പന്നങ്ങളുടെ വിലക്കയറ്റത്തിനും കാരണമാകും. കേന്ദ്ര ബാങ്കുകൾക്ക് പലിശനിരക്ക് വർധിപ്പിക്കേണ്ടി വരുന്നതും ഇത്തരം സാഹചര്യത്തിലാണ്.

## പിൻ വേണ്ട: വിപ്ലവം സൃഷ്ടിക്കാൻ സാംസങ് ബയോമെട്രിക് കാർഡ്

ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകളിൽ പിൻ സംവിധാനം ഇല്ലാതാക്കുന്ന സാംസങ്ങിന്റെ ബയോമെട്രിക് കാർഡ് വരുന്നു. ജനുവരിയിൽ നടന്ന രാജ്യാന്തര കൺസ്യൂമർ ഇലക്ട്രോണിക് ഷോയിൽ മികച്ച ഇന്നവേഷനുള്ള പുരസ്കാരം നേടിയ സാംസങ് സാങ്കേതികവിദ്യ കാർഡ് ഇടപാടുകൾ സുരക്ഷിതമാക്കുന്നതിനു പുറമേ, ഇടപാടുകളുടെ വേഗവും വർധിപ്പിക്കും.

പിൻ ഉപയോഗിക്കുന്നതിനു പകരം കാർഡിൽ നിശ്ചിത സ്ഥാനത്ത് കാർഡുടമ തള്ളവിരൽ വച്ചാൽ മതി. ബയോമെട്രിക് കാർഡുകൾ മോഷണം പോയാലും പണം നഷ്ടപ്പെടില്ല.





# തിരുവനന്തപുരം മൃഗശാലയിൽ സിംഹങ്ങളെത്തി

**തിരുവനന്തപുരം:** തിരുപ്പതി ശ്രീ വെങ്കടേശ്വര സുവോളജിക്കൽ പാർക്കിൽ നിന്നുള്ള 2 സിംഹങ്ങളെയും തിരുവനന്തപുരം മൃഗശാലയിൽ എത്തിച്ചു. ആരോഗ്യനില തൃപ്തികരമാണെങ്കിലും ഒരാഴ്ച സിംഹങ്ങൾക്കു പൂർണ വിശ്രമം അനുവദിച്ചിരിക്കുകയാണ്. ഈ സമയം ഇവ ക്വാറന്റീനിൽ ആയിരിക്കും.

മൃഗശാലയിലെ ഡോക്ടർ ജേക്കബ് അലക്സാണ്ടർ, സൂപ്രണ്ട് കെ.രാജേഷ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് സിംഹങ്ങളെ തിരുപ്പതിയിൽ നിന്നു കൊണ്ടുവന്നത്. കൂളറും ഭക്ഷണവുമെല്ലാം പ്രത്യേകം സജ്ജീകരിച്ച വാഹനത്തിലായിരുന്നു യാത്രയെന്നതിനാൽ സിംഹങ്ങളെ ഏറെ ക്ഷീണം ബാധിച്ചിട്ടില്ലെന്ന് അധികൃതർ അറിയിച്ചു. സിംഹങ്ങൾക്കൊപ്പം കൊണ്ടുവന്ന ഹനുമാൻ കുരങ്ങുകളുടെയും എമു പക്ഷികളുടെയും ആരോഗ്യനിലയും തൃപ്തികരമാണ്. കുരങ്ങുകളെയും പക്ഷികളെയും ഒരാഴ്ച നിരീക്ഷിക്കും. ക്വാറന്റൈനു ശേഷം മന്ത്രി ജെ.ചിഞ്ചുറാണി എത്തി സിംഹങ്ങൾക്കു പേരിടൽ ചടങ്ങു നിർവഹിക്കുമെന്ന് മൃഗശാല ഡയറക്ടർ അബു ശിവദാസ് അറിയിച്ചു. മൃഗങ്ങളുടെ കൈമാറ്റ പദ്ധതി വഴി നേരത്തെ ഇവിടെ നിന്നുള്ള പന്നിമാനെയും കഴുതപ്പുലിയെയും ശ്രീ വെങ്കടേശ്വര സുവോളജിക്കൽ പാർക്കിനു കൈമാറിയിരുന്നു. ഒരു ജോടി ഹിപ്പോകളെ രണ്ടു മാസത്തിനകം കൊണ്ടുപോകും 3 ജോടി പന്നിമാനുകൾ, രണ്ടു ജോടി സോംബ് ഡിയർ എന്നിവയെയും ഇതോടൊപ്പം നൽകുന്നുണ്ട്.

## ചാലക്കുടി അടിപ്പാത; വൈദ്യുത ലൈൻ മാറ്റുന്നതിൽ പുതിയ തടസ്സങ്ങൾ

**ചാലക്കുടി :** അടിപ്പാത നിർമാണത്തിന്റെ ഭാഗമായി 33 കെവി വൈദ്യുത ലൈൻ മാറ്റി സ്ഥാപിക്കുന്നതിൽ പുതിയ തടസ്സങ്ങൾ. നിർമാണം മുൻ പ്രഖ്യാപിച്ച തീയതിയിൽ പൂർത്തിയാക്കാനാകില്ലെന്നു സൂചന. വൈദ്യുത ലൈൻ ഭൂഗർഭ രീതിയിൽ ദേശീയപാത കുറുകെ കടക്കുന്ന രീതിയിലാണ് പുതിയ ക്രമീകരണം ഒരുക്കാനുള്ള ശ്രമം. എന്നാൽ ക്രസന്റ് സ്കൂളിന് എതിർവശത്ത് എത്തുന്ന വൈദ്യുത ലൈൻ ടവറിലേക്ക് എത്തിക്കാനായി ടവർ നിർമിക്കുന്നതു സ്ഥല ഉടമ എതിർത്തതാണ് പുതിയ പ്രശ്നങ്ങൾക്കു വഴിയൊരുക്കിയത്. എതിർവശത്ത് ടവറിന്റെ നിർമാണം പുരോഗമിക്കുകയാണ്. സ്ഥല ഉടമയെ അനുനയിപ്പിക്കാനുള്ള ശ്രമങ്ങൾ വിജയിച്ചില്ലെങ്കിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് നേരിട്ട് നിലവിലുള്ള വലിയ ടവറിലേക്കു ലൈൻ എത്തിക്കേണ്ടി വരും. ഇതിനു കൂടുതൽ ചെലവു വരുമെന്നതിനാൽ എസ്റ്റിമേറ്റ് പുതുക്കേണ്ടി വരും.

ഇതു കാലതാമസം ഉണ്ടാക്കുമെന്നാണു സൂചന. വൈദ്യുത ലൈൻ മാറ്റാത്തതിനാൽ ഈ ഭാഗത്ത് അനുബന്ധ റോഡിൽ 90 മീറ്റർ മെറ്റലിങ്ങും ടാറിങ്ങും നടത്തിയിട്ടില്ല. 33 കെവി ആയതിനാൽ മാഗ്നറ്റിക് ഇലക്ട്രിക് പവർ ഉള്ളതിനാൽ അപകടസാധ്യതയുണ്ട്. ഈ 90 മീറ്റർ ഒഴികെയുള്ള ഭാഗത്ത് ബിഎം, ഡിബിഎം രീതികളിലുള്ള 2 ലെയർ ടാറിങ് കഴിഞ്ഞ ദിവസം പൂർത്തിയായി. ഇനി ബിസി രീതിയിലുള്ള ടാറിങ്ങാണ് ശേഷിക്കുന്നത്. ഇതിന് 3 ദിവസം മതിയാകും. പാതയ്ക്കു നടുവിൽ മീഡിയൻ നിർമാണം ഇന്ന് തുടങ്ങും. അടിപ്പാതയ്ക്കകത്തു നടപ്പാത കോൺക്രീറ്റിങ് നടത്തി. റോഡിൽ കോൺക്രീറ്റിങ് പുരോഗമിക്കുന്നു.

അടിപ്പാത ഗതാഗതത്തിനു തുറക്കുന്നതിനു മുൻപ് നഗരസഭ ജംക്ഷൻ അടച്ചു കെട്ടണം. ഇതിനായി കോൺക്രീറ്റ് ഭിത്തി നിർമിക്കണം. തുടർന്നാണ് അനുബന്ധ റോഡും നിലവിലുള്ള റോഡും യോജിപ്പിച്ചു മെറ്റലിങ്ങും ടാറിങ്ങും നടത്തുക. അടിപ്പാത തുറക്കുന്നതിനു 2 ദിവസം മുൻപു മാത്രം നഗരസഭ ജംക്ഷൻ അടയ്ക്കണമെന്നാണ് പൊലീസ് നിർദേശം. അല്ലാത്ത പക്ഷം ദേശീയപാതയിൽ വലിയ ഗതാഗതക്കുരുക്കിനു വഴിയൊരുങ്ങും. 2 ദിവസം കൊണ്ട് ഭിത്തി നിർമാണവും ടാറിങ്ങും അടക്കമുള്ള പണികൾ പൂർത്തീകരിക്കാനാകില്ലെന്നാണു കരാറുകാർ പറയുന്നത്. സനീഷ്കുമാർ ജോസഫ് എംഎൽഎയും കലക്ടർ വി.ആർ. കൃഷ്ണ തേജയും അടക്കമുള്ള അധികൃതർ ഈ മാസം 15ന് അടിപ്പാതയും അനുബന്ധ റോഡും തുറക്കാമെന്നു പ്രഖ്യാപിച്ചെങ്കിലും തടസ്സങ്ങൾ നീങ്ങിയില്ലെങ്കിൽ പ്രഖ്യാപനം പാഴ്വാക്കാകും.

# കേരളത്തിലെ മുഴുവൻ വീടുകളിലും ഉടൻ ഇന്റർനെറ്റ് ലഭ്യമാകും: മുഖ്യമന്ത്രി

**തിരുവനന്തപുരം:** കേരളത്തിലെ എല്ലാ വീടുകളിലും സർക്കാർ ഓഫീസുകളിലും എത്രയും വേഗം ബ്രോഡ്ബാൻഡ് കണക്ടിവിറ്റിയും ഇന്റർനെറ്റ് സേവനങ്ങളും ലഭ്യമാക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ഇടമലക്കുടി ഉൾപ്പെടെ എല്ലായിടത്തും ഉടൻ കണക്റ്റിവിറ്റി ഉറപ്പാക്കി, ആരും പിന്തള്ളപ്പെട്ടു പോകാതെ, എല്ലാവരും കെ ഫോൺ എന്ന റിയൽ കേരള സ്റ്റോറിയുടെ ഭാഗമാകുന്നുവെന്ന് ഉറപ്പുവരുത്തുകയാണു സർക്കാർ ചെയ്യുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിന്റെ സ്വന്തം ഇന്റർനെറ്റ് കെ ഫോൺ പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി .ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ച ഇന്ത്യയിലെ ഏക സംസ്ഥാനമാണു കേരളമെന്നും അതു കേവലം പ്രഖ്യാപനം മാത്രമായി ഒതുങ്ങുന്നില്ലെന്ന് ഉറപ്പുവരുത്താനാണു കെ ഫോൺ നടപ്പാക്കുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. മറ്റു സർവീസ് പ്രൊവൈഡർമാർ നൽകുന്നതിനെ അപേക്ഷിച്ച് കുറഞ്ഞ നിരക്കിലാവും കെ ഫോൺ സേവനങ്ങൾ ലഭ്യമാക്കുക. കേരളത്തിലാകമാനം, നഗര ഗ്രാമ വ്യത്യാസമില്ലാതെ, ഉയർന്ന സ്പീഡിലും ഒരേ ഗുണനിലവാരത്തോടുകൂടിയും കെ ഫോൺ സേവനങ്ങൾ ലഭ്യമാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.ലോകത്ത് ഏറ്റവുമധികം ഇന്റർനെറ്റ് ഷട്ട്ഡൗണുകൾ നടക്കുന്ന രാജ്യമാണ് ഇന്ത്യ.

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 700 ലധികം ഇന്റർനെറ്റ് ഷട്ട്ഡൗണുകളാണുണ്ടായത്. അവിടെയാണ് എല്ലാവർക്കും ഇന്റർനെറ്റ് ലഭ്യമാക്കി ഒരു സംസ്ഥാന സർക്കാർ ഇടപെടുന്നത്. ആ നിലയ്ക്ക്, സർക്കാരിന്റെയും നാടിന്റെയും ജനകീയ ബദൽ നയങ്ങളുടെ ഉദാഹരണമായി മാറുകയാണ് കെ ഫോൺ പദ്ധതി. നിലവിൽ 17,412 സർക്കാർ സ്ഥാപനങ്ങളിൽ കെ ഫോൺ ലഭ്യമാക്കിക്കഴിഞ്ഞു. 9,000 ത്തിലധികം വീടുകളിൽ കണക്ഷൻ നൽകാനുള്ള കേബിൾ വലിച്ചിട്ടുണ്ട്. 2,105 വീടുകൾക്കു കണക്ഷൻ നൽകിക്കഴിഞ്ഞു. കെ ഫോണിന്റെ അടിസ്ഥാന സേവനങ്ങൾ നൽകുന്നതിനുള്ള കാറ്റഗറി 1 ലൈസൻസും ഔദ്യോഗിക ഇന്റർനെറ്റ് സേവനങ്ങൾ നൽകാനുള്ള ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐഎസ്പി) കാറ്റഗറി ബി യൂണിഫൈഡ് ലൈസൻസും നേരത്തെ ലഭിച്ചിരുന്നു.കോവിഡാനന്തരം രൂപപ്പെട്ട തൊഴിൽ സംസ്കാരങ്ങളായ വർക്ക് ഫ്രം ഹോം, വർക്ക് നിയർ ഹോം, വർക്ക് എവേ ഫ്രം ഹോം തുടങ്ങിയവയുടെ പ്രയോജനം പൂർണ തോതിൽ ലഭിക്കുന്നതിനു മികച്ച ഇന്റർനെറ്റ് സേവനം അനിവാര്യമാണ്. അതിനുള്ള ഉപാധിയാണു കെ ഫോൺ. കേരളത്തിലേക്കു വരുന്ന ടൂറിസ്റ്റുകളിൽ പലരും ഇവിടെ താമസിച്ചു ജോലി ചെയ്യാൻ ആഗ്രഹിക്കുന്നവരാണ്. അവരെ ആകർഷിച്ച് കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ വലിയ ചലനമുണ്ടാക്കാൻ കെ ഫോണിനു കഴിയും. സ്വകാര്യ മേഖലയിലെ കേബിൾ ശൃംഖലകളുടെയും മൊബൈൽ സേവനദാതാക്കളുടെയും ചൂഷണത്തിൽനിന്നു ജനങ്ങൾക്കു മോചനം നൽകാനും കെഫോണിനാകും. സ്വകാര്യ കമ്പനികൾ ഈ മേഖലയിലുള്ളപ്പോൾ സംസ്ഥാന സർക്കാർ എന്തിനാണ് ഇത്തരമൊരു പദ്ധതി നടപ്പാക്കുന്നതെന്നു ചോദിച്ചവരുണ്ട്. പൊതുമേഖലയിൽ ഒന്നും വേണ്ടെന്നും എല്ലാം സ്വകാര്യ മേഖലയിൽ, കുത്തക വാദത്തിന്റെ മൂലധന ശൈലിയിൽ നിർവഹിച്ചാൽ മതിയെന്നും ചിന്തിക്കുന്നവർ ഇങ്ങനെ ചോദിച്ചില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളൂ. ഇത്തരം ആളുകൾ തന്നെയാണു മലർപ്പൊടിക്കാരന്റെ സ്വപ്നമെന്നും ദിവാസ്വപ്നമെന്നുമൊക്കെ വിളിച്ച് കിഫ്ബിയെ ആക്ഷേപിക്കാൻ ശ്രമിച്ചത്. കിഫ്ബിയിലൂടെയാണ് കഴിഞ്ഞ ഏഴു വർഷം കൊണ്ട് 80,000 കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾക്കു സംസ്ഥാനത്ത് തുടക്കമിട്ടത്. രാജ്യത്ത് 50 ശതമാനത്തിൽ താഴെ ആളുകൾക്ക് മാത്രമാണ് ഇന്റർനെറ്റ് ഉപയോഗം സാധ്യമാകുന്നത്. 33 ശതമാനം സ്ത്രീകൾക്കു മാത്രമാണ് ഇന്റർനെറ്റ് അക്സസ് ഉള്ളത്. ഗ്രാമപ്രദേശത്തത്ത് അത് 25 ശതമാനമാണ്. മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് 30 ശതമാനം കുറഞ്ഞ തോതിൽ മാത്രമേ ആദിവാസി ജനവിഭാഗങ്ങൾക്ക് ഇന്റർനെറ്റ് ലഭ്യമാകുന്നുള്ളൂ. ഇത്രയേറെ ആഴത്തിൽ ഡിജിറ്റൽ ഡിവൈഡ് നിലനിൽക്കവെയാണു കേരളത്തിൽ അതില്ലാതാക്കാനുള്ള ശ്രമങ്ങൾ നടത്തുന്നത്. സമഗ്രമായ വികസനം എന്ന ലക്ഷ്യത്തോടെ എല്ലാവരെയും ഉൾക്കൊള്ളുന്ന തരത്തിൽ ആവിഷ്ക്കരിക്കുന്ന ഏതു പദ്ധതിക്കുമെതിരെ എതിരു പറയുന്നവരുണ്ട്. സാധാരണക്കാരന് എന്തിനാണ് ഇന്റർനെറ്റ്, സാധാരണക്കാരന് എന്തിനാണ് നൂതന ഗതാഗത സൗകര്യങ്ങൾ അങ്ങനെ പോകുന്നു ചോദ്യങ്ങൾ. ലോകം മുഴുവൻ മാറുന്നത് ഇക്കൂട്ടർ കാണുന്നില്ല. കുടിൽ വ്യവസായങ്ങൾ അവരുടെ ഉത്പന്നങ്ങൾ ഓൺലൈനായി വിൽക്കുന്ന ഈ കാലത്തും അപരിഷ്കൃത ചിന്തകളുമായി നടക്കുന്നവർ നാടിനെ പിന്നോട്ടടിക്കുകയാണ്. അവരെ സംബന്ധിച്ചു വികസനം എന്നത് ഏതാനും വിഭാഗങ്ങൾക്കു വേണ്ടി മാത്രം ഉള്ളതാണ്. എന്നാൽ, എല്ലാ ജനവിഭാഗങ്ങൾക്കും വേണ്ടിയുള്ളതാണു വികസനം എന്നാണു സർക്കാരിന്റെ കാഴ്ചപ്പാടെന്നും പറഞ്ഞു.ഗതാഗത മന്ത്രി ആന്റണി രാജു ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കെഫോണിന്റെ കൊമേഴ്സ്യൽ വെബ് പേജ് ധനമന്ത്രി കെ.എൻ. ബാലഗോപാൽ പ്രകാശനം ചെയ്തു. മന്ത്രി എം.ബി. രാജേഷും കെ ഫോൺ മോഡം(ഒ.എൻ.ടി) വൈദ്യുതി മന്ത്രി കെ. കൃഷ്ണൻ കുട്ടിയും പുറത്തിറക്കി. ഐടി വകുപ്പ് സെക്രട്ടറി ഡോ. രത്തൻ യു. കേൽകർ, കെ ഫോൺ എം.ഡി. ഡോ. സന്തോഷ് ബാബു, കൗൺസിലർ മേരി പുഷ്പം, കേന്ദ്ര ടെലികമ്യൂണിക്കേഷൻ മന്ത്രാലയം ഡി.ഡി.ജി. ശോഭന, ഇ.ഡി.ബി.എൽ. ശങ്കര സുബ്രഹ്മണ്യം തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.






# പുകവലിയും സ്ത്രീ ആരോഗ്യ പ്രശ്നങ്ങളും



ഡോ. എലിസബത്ത് സുനില, കൺസൾട്ടന്റ്, പൾമനോളജി, ആസ്റ്റർ മെഡ്സിറ്റി, കൊച്ചി

പുകവലി കാരണം പ്രതിവർഷം 8 ദശലക്ഷം ആളുകളാണ് ശ്വാസകോശ രോഗങ്ങളാൽ മരിക്കുന്നത്. ഇതിൽ സ്ത്രീകളും പുരുഷൻമാരും കുട്ടികളും ഉൾപ്പെടുമെങ്കിലും ശ്വാസകോശ കാൻസർ ബാധിതരാകുന്ന സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ രണ്ടിരട്ടി കൂടുതലാണ്. ശ്വാസകോശത്തെ മാത്രമല്ല ഹൃദയസംബന്ധമായ രോഗങ്ങൾ വരെ പുകവലി കാരണം സംഭവിക്കുന്നു. ഹൃദയസംബന്ധമായ രോഗങ്ങൾക്ക് കാരണമാകുന്ന രണ്ടാമത്തെ ഏറ്റവും വലിയ ഘടകമാണ് പുകയില എന്നാണ് ലോകാരോഗ്യസംഘടന റിപ്പോർട്ട് ചെയ്യുന്നത്.പുകവലിക്കുന്ന സ്ത്രീകളിൽ ഗർഭം അലസാനുള്ള സാധ്യത വളരെ കൂടുതലാണ്.

സ്ത്രീകളിൽ വന്ധ്യതയുടെ ഏറ്റവും വലിയ കാരണമാണ് പുകവലി. ഗർഭകാലത്ത് പുകവലി ശീലമാക്കിയ സ്ത്രീകൾക്ക് ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് എന്തെങ്കിലും തരത്തിലെ ജനതികതകരാറുകൾ ഉണ്ടാകാനും അതവരുടെ വളർച്ചയെ ബാധിക്കുകയും ചെയ്യുന്നു. മറ്റൊരു പ്രധാന കാര്യം സ്ത്രീകളിൽ ഗർഭാശയ കാൻസർ വരാനുള്ള സാധ്യതയും പതന്മടങ്ങു കൂടുതലാണ്.സ്ത്രീകളിൽ പ്രായം കൂടുതൽ തോന്നിക്കുന്നതിനു പുകവലി ഒരു കാരണമാണ്. മുഖത്ത് പ്രത്യക്ഷപ്പെടുന്ന ചുളിവുകളും നേരത്തേ തല നരയ്ക്കുന്നതും ലക്ഷണങ്ങളാണ്.പുകവലി സിഒപിഡി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമണറി ഡിസോഡർ സ്ത്രീകളിൽ ഉണ്ടാക്കാനുള്ള സാധ്യത കൂടുതലാണ്. ദീർഘകാലം നീണ്ടുനിൽക്കുന്ന ഈ രോഗാവസ്ഥയിൽ ശ്വാസനനാളികൾക്കും ശ്വാസകോശത്തിലെ കോശങ്ങൾക്കും ക്രമേണ കേടുവരുകയും അത് പിന്നീട് സ്ട്രോക്കിലേക്കോ മരണത്തിലേക്കോ നയിക്കുന്നു.പുകവലി ശ്വാസകോശത്തിലെ കോശങ്ങൾക്ക് കേടുപാടുകൾ വരുത്തുകയും ഇതിനെത്തുടർന്ന് ശ്വാസകോശത്തിലെ രക്തക്കുഴലുകളിലെ വായുവിന്റെ അളവ് കുറയുകയും ഇത് ശരീരത്തിന്റെ മറ്റ് ഭാഗങ്ങളിലേക്കെത്തുന്ന ഓക്സിജന്റെ അളവിൽ വലിയ കുറവുണ്ടാക്കുകയും ചെയ്യും.കടുത്ത ചുമ, ശ്വസിക്കാൻ ബുദ്ധിമുട്ട്, വലിവോടെയുള്ള ശ്വസനം, ആസ്ത്മ, ന്യൂമോണിയ, ശ്വാസകോശ അണുബാധകൾ ഉണ്ടാകാൻ സാധ്യതയുണ്ട്.പുകവലി പൂർണ്ണമായും ഉപേക്ഷിക്കുക എന്നതല്ലാതെ മറ്റു വഴികളൊന്നും ഇവിടെ ഇല്ല.



ഉറച്ച തീരുമാനവും നിക്കൊട്ടിൻ തെറാപ്പിയോ ഡോക്ടർമാർ നിർദേശിക്കുന്ന മറ്റു മരുന്നുകളൊ ഉപയോഗിച്ച് പുകവലി ശീലങ്ങൾ പാടെ ഉപേക്ഷിക്കുക. പുകവലിക്കാരെ തിരിച്ചറിഞ്ഞു അവരെ പുകവലി ഉപേക്ഷിക്കാൻ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക.

## പുകവലിക്കുന്നവർ കണ്ണിനെ ബാധിക്കുന്ന രോഗങ്ങളെ കരുതിയിരിക്കുക

പുകവലി ഹൃദയാഘാതത്തിനും ശ്വാസകോശ അർബുദത്തിനും മറ്റ് ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകും എന്നറിയാം. എന്നാൽ പുകവലി അന്ധതയ്ക്കും കാരണമാകുമെന്ന് ആരോഗ്യവിദഗ്ധർ. പുകവലി, പ്രായമാകലുമായി ബന്ധപ്പെട്ട മക്യുലാർ ഡീജനറേഷൻ, തിമിരം, ഗ്ലോക്കോമ, ഡയബറ്റിക് റെറ്റിനോപ്പതി, ഡ്രൈ ഐ സിൻഡ്രോം എന്നിവയ്ക്കുള്ള സാധ്യത കൂട്ടാം.



പുകവലിക്കാത്തവരെ അപേക്ഷിച്ച് പുകവലിക്കാർക്ക് അഞ്ചര വർഷം നേരത്തെ മക്യുലാർ ഡീജനറേഷൻ ഉണ്ടാകുമെന്ന് ലോകാരോഗ്യസംഘടന. വായന, ഡ്രൈവിങ്ങ് തുടങ്ങി ദൈനംദിന കാര്യങ്ങൾ ചെയ്യാൻ പ്രയാസമാകുന്ന തരത്തിൽ കാഴ്ച മങ്ങുന്ന അവസ്ഥയാണിത്. പുകവലിക്കുന്ന ആളുകളോടൊപ്പം ജീവിക്കുന്നവർക്ക് പരോക്ഷമായി പുകവലി മൂലം മക്യുലാർ ഡീജനറേഷൻ വരാനുള്ള സാധ്യത ഇരട്ടിയാണ്.

സിഗരറ്റ് വലിക്കുമ്പോൾ, കാഴ്ചശക്തിയുമായി ബന്ധപ്പെട്ട കണ്ണിലെ എല്ലാ ഭാഗങ്ങളും മങ്ങി കാഴ്ചയെ മറയ്ക്കുകയും കാഴ്ചശക്തിതന്നെ പൂർണമായും നഷ്ടപ്പെടുന്ന അവസ്ഥ വരുകയും ചെയ്യും. ദിവസം രണ്ടോ മൂന്നോ സിഗരറ്റ് വലിച്ചാൽ പോലും തിമിരം ഉണ്ടാകുമെന്ന് നാഷണൽ ഐ ഇൻസ്റ്റിറ്റ്യൂട്ട് പറയുന്നു. റെറ്റിനയിലൂടെ കടന്നുപോകുന്ന പ്രകാശത്തെ തടയുകയും ഇതുവഴി കണ്ണിലെ ലെൻസിന് മങ്ങൽ ഉണ്ടാകുകയും ചെയ്യുന്ന അവസ്ഥയാണിത്. വർഷങ്ങൾ കൊണ്ട് ക്രമേണ ഉണ്ടായി വരുന്നതും സാവധാനത്തിൽ കണ്ണിലെ നാഡികളെ തകരാറിലാക്കുകയും ചെയ്യുന്ന രോഗമാണ് തിമിരം. തിമിരം കാഴ്ച മങ്ങാനിടയാക്കുകയും വസ്തുക്കളെ മങ്ങിയും മഞ്ഞനിറത്തിലും കാണുകയും ചെയ്യുന്ന അവസ്ഥയാണിത്.

പുകവലിക്കാത്തവരെ അപേക്ഷിച്ച് പുകവലിക്കാരിൽ മക്യുലാർ ഡീജനറേഷൻ ഉണ്ടാകാനുള്ള സാധ്യത നാലിരട്ടിയാണ്. റെറ്റിനയുടെ സെൻസിറ്റീവ് പാളിയായ മക്യുലയെ ഇത് ബാധിക്കുന്നു. പുകവലി, മക്യുലയെ ക്രമേണ നശിപ്പിക്കുകയും മുന്നിലുള്ള വസ്തുക്കളെ കാണാനും വായിക്കാനും വാഹനം ഓടിക്കാനും ദൈനംദിന കാര്യങ്ങൾ ചെയ്യാനും പ്രയാസം ആവുകയും ചെയ്യും. പുകവലി ആന്റിഓക്സിഡന്റുകളുടെ ഫലപ്രാപ്തി കുറയ്ക്കുകയും മക്യുലയിലെ ല്യൂട്ടീന്റെ അളവ് കുറയ്ക്കുകയും ചെയ്യുന്നു. റെറ്റിനയിലേക്കുള്ള വളരെ ചെറിയ രക്തക്കുഴലുകളിലേക്ക് എത്തുന്ന ഓക്സിജന്റെ അളവ് കുറയ്ക്കാനും പുകവലി കാരണമാകുന്നു.

തൈറോയ്ഡിന്റെ പ്രവർത്തനത്തെയും പുകവലി ബാധിക്കുന്നു. ഇത് ഗ്രേവ്സ് ഡിസീസ് അഥവാ തൈറോയ്ഡ് ഐ ഡിസീസിനു കാരണമാകുന്നു. പുകവലിക്കാരിൽ, കണ്ണിലെ രക്തക്കുഴലുകൾക്ക് കേടുപാട് വരുന്ന ഡയബറ്റിക് റെറ്റിനോപ്പതി വരാനുള്ള സാധ്യത കൂടുതലാണ്. ഇത് കാഴ്ച മങ്ങുന്നതിനും അന്ധതയ്ക്കും കാരണമാകുന്നു.



## പുറം വേദന വരുന്നവരുടെ എണ്ണം വർധിക്കുമെന്ന് ലാൻസെറ്റ് പഠനം

2050ാടു കൂടി ലോകമാസകലം 840 ദശലക്ഷം പേർക്ക് പുറം വേദന പോലുള്ള പ്രശ്നങ്ങൾ അനുഭവപ്പെടാമെന്ന് ഓസ്ട്രേലിയ സിഡ്നി സർവകലാശാലയിലെ ഗവേഷകർ നടത്തിയ പഠനത്തിൽ കണ്ടെത്തി. ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങളിലാകും ഇതിന്റെ പ്രത്യാഘാതം കൂടുതലുണ്ടാകുകയെന്നും ലാൻസെറ്റ് റുമാറ്റോളജി ജേണലിൽ പ്രസിദ്ധീകരിച്ച പഠനം ചൂണ്ടിക്കാട്ടുന്നു.

വർധിക്കുന്ന ജനസംഖ്യ, കൂടുതൽ പേർക്ക് പ്രായമാകുന്ന അവസ്ഥ എന്നിങ്ങനെ പലവിധ കാരണങ്ങൾ പുറം വേദനയ്ക്ക് പിന്നിലുണ്ടാകാമെന്ന് ഗവേഷകർ പറയുന്നു. ഈ മോഡലിങ് പഠനത്തിന്റെ ഭാഗമായി 204 രാജ്യങ്ങളിൽ നിന്നുള്ള ഗ്ലോബൽ ബർഡൻ ഓഫ് ഡിസീസ് ഡേറ്റ ഗവേഷകർ പരിശോധിച്ചു.

2020ലെ കണക്കനുസരിച്ച് ലോകത്തിൽ 619 ദശലക്ഷം പേർക്കാണ് പുറം വേദന അനുഭവപ്പെടുന്നത്. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളിൽ പുറം വേദന കൂടുതലാണെന്നും ഗവേഷകർ പറയുന്നു. പുറം വേദന കേസുകൾ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ ആരോഗ്യ പ്രവർത്തകർക്കിടയിൽ സ്ഥിരതയില്ലെന്നും പഠനറിപ്പോർട്ട് കൂട്ടിച്ചേർത്തു.

ശസ്ത്രക്രിയ, ഒപ്പിയോയ്ഡുകൾ എന്നിങ്ങനെ പുറം വേദനയ്ക്ക് ശുപാർശ ചെയ്യപ്പെടുന്ന ചികിത്സരീതികൾ പലതും കാര്യക്ഷമമല്ലെന്ന അഭിപ്രായവും റിപ്പോർട്ട് ഉന്നയിക്കുന്നു. പുറം വേദന അനുഭവിക്കുന്ന പ്രായമായവർ ഉൾപ്പെടെയുള്ളവർക്ക് സമയത്തിന് ചികിത്സ ലഭിക്കുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ വിവിധ രാജ്യങ്ങളിലെ ആരോഗ്യ സംവിധാനങ്ങളിൽ നിന്നുണ്ടാകണമെന്നും ഗവേഷകർ ശുപാർശ ചെയ്യുന്നു

## അനസ്തേഷ്യ ടെക്നിഷ്യൻ നിയമനം

**കോഴിക്കോട്:** ഗവ. മെഡിക്കൽ കോളേജ്, മാതൃശിശു സംരക്ഷണ കേന്ദ്രം എച്ച് ഡി എസിന് കീഴിൽ അനസ്തേഷ്യ ടെക്നിഷ്യൻ തസ്തികയിലേക്ക് നിയമനം നടത്തുന്നു. 720 രൂപ ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലികമായാണ് നിയമനം. യോഗ്യത : ഡിപ്ലോമ ഇൻ ഓപ്പറേഷൻ തീയറ്റർ ആൻഡ് അനസ്തേഷ്യ ടെക്നോളജി, ഓപ്പറേഷൻ തീയറ്ററിലെ പ്രവൃത്തി പരിചയം. പ്രായപരിധി :18 വയസ്സിനും 43 നും മധ്യേ. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂൺ ഒമ്പത് 11.30 ന് ഐ എം സി എച്ച് സൂപ്രണ്ട് ഓഫീസിൽ നടത്തുന്ന ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണെന്ന് സൂപ്രണ്ട് അറിയിച്ചു.

## ടെണ്ടർ ക്ഷണിച്ചു

**കോഴിക്കോട്:** വനിതാ ശിശുവികസന വകുപ്പിലെ കീഴിലെ കൊടുവള്ളി അഡീഷണൽ ഐ സി ഡി എസ് ഓഫീസിലെ ഔദ്യോഗിക ആവശ്യങ്ങൾക്ക് വേണ്ടി കാർ നിബന്ധനകൾക്ക് വിധേയമായി ഓടിക്കാൻ താത്പര്യമുള്ളവരിൽ നിന്നും മുദ്രവെച്ച ടെണ്ടറുകൾ ക്ഷണിച്ചു. ടെണ്ടർ ഉറപ്പിച്ചു ഉത്തരവാകുന്നതു മുതൽ ഒരുവർഷത്തേക്കാണ് കരാർ വാഹനത്തിൻറെ കാലാവധി. വാഹനത്തിന് ഏഴ് വർഷത്തിലധികം കാലപ്പഴക്കം ഉണ്ടാകുവാൻ പാടില്ല. പ്രതിമാസം പരാമവധി 800 കി.മി ഓടേണ്ട തുകയാണ് വാടക ഇനത്തിൽ നൽകുന്നത്. ടെണ്ടർ കവറിനു മുകളിൽ

ഔ ദ്യാഗിക ആവശ്യത്തിനുള്ള കരാർ വാഹന ടെണ്ടർ എന്ന് രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടർ ഫോറത്തിന്റെ വില : 500 + ജി എസ് ടി. ടെണ്ടർ സ്വീകരിക്കുന്ന അവസാന തിയ്യതി : ജൂൺ 20 ഉച്ചക്ക് ഒരു മണി വരെ. സമർപ്പിക്കപ്പെട്ട ടെണ്ടറുകൾ അന്നേ ദിവസം മൂന്ന് മണിക്ക് തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : 0495 2281044

## സംസ്ഥാന യുവജന കമ്മീഷനിൽ തൊഴിലവസരം

**എറണാകുളം:** സംസ്ഥാന യുവജന കമ്മീഷൻ വിവിധ തസ്തികകിളിലേയ്ക്ക് നിയമനം നടത്തുന്നു. സംസ്ഥാന പ്രോജക്ട് കോ ഓർഡിനേറ്റർമാർ (2 തസ്തികകൾ, പ്രതിമാസ ഓണറേറിയം. 12,000/ രൂപ) ജില്ലാ കോ ഓർഡിനേറ്റർമാർ (28 എണ്ണം ഓണറേറിയം.6000/ രൂപ) എന്നിവരെ 2024 മാർച്ച് വരെയുള്ള കാലയളവിലേക്കാണ് നിയമിക്കുന്നത്.

ജില്ലാ കോഓഡിനേറ്റർ തസ്തികയിൽ അപേക്ഷിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത പ്ലസ് ടുവും, പ്രായപരിധി 18 വയസ്സിനും 40 വയസ്സിനും മധ്യേയുമാണ്. സംസ്ഥാന പ്രോജക്ട് കോ ഓർഡിനേറ്റർ തസ്തികയിൽ അപേക്ഷിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത ഡിഗ്രിയും പ്രായപരിധി 20 വയസ്സിനും 40 വയസ്സിനും മധ്യേയുമാണ്. താത്പര്യമുള്ളവർ പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ച അപേക്ഷ, (സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ), യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകളുടെ അസൽ എന്നിവ സഹിതം ജൂൺ 13 ന് രാവിലെ 10 മണിക്ക് എറണാകുളം ഗവ.ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടക്കുന്ന അഭിമുഖത്തിൽ ഹാജരാകണം. ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ ഫോറം കമ്മീഷന്റെ www.skyc.kerala.gov.in എന്ന വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.



# ഇൻഡോർ സ്റ്റേഡിയം നിർമാണം അന്ത്യഘട്ടത്തിൽ

**കൽപറ്റ:** ജില്ലയിലെ കായികപ്രേമികളുടെ മൾട്ടിപർപ്പസ് ഇൻഡോർ സ്പോർട്സ് കോംപ്ലക്സ് എന്ന സ്വപ്നവും യാഥാർഥ്യത്തിലേക്ക്. അമ്പിലേരിയിൽ നഗരസഭ വിട്ടു നൽകിയ 5 ഏക്കർ സ്ഥലത്തു നിർമിക്കുന്ന ഇൻഡോർ സ്റ്റേഡിയം കോംപ്ലക്സിന്റെ 95 ശതമാനം പണിയും പൂർത്തിയായി. ഇനി അവശേഷിക്കുന്നത് ഫ്ലോറിങ് പ്രവൃത്തി മാത്രമാണ്. ഇതു കൂടി പൂർത്തിയാക്കി ഓഗസ്റ്റിൽ സ്റ്റേഡിയം നാടിനു സമർപ്പിക്കാനുള്ള ഒരുക്കത്തിലാണ് ജില്ലാ സ്പോർട്സ് കൗൺസിൽ.

95 ശതമാനം പണിയും നേരത്തെ കഴിഞ്ഞതാണ്. കോർട്ടിന്റെ ഫ്ലോറിങ് പൂർത്തിയാക്കി ഉദ്ഘാടനം നടത്താനുള്ള നടപടികൾ ആസൂത്രണം ചെയ്യുന്നതിനിടെ ചില സാങ്കേതിക തടസ്സം നേരിട്ടതോടെ ഫ്ലോറിങ് നിർമാണം ഏറ്റെടുത്ത ഉപകരാറുകാർക്ക് പ്രവൃത്തി തുടരാൻ കഴിയാതെയായി. ഇതോടെ പുതിയ ടെൻഡർ വിളിക്കേണ്ടി വന്നു. ഇതാണു ഉദ്ഘാടനം വൈകാൻ കാരണം. 201617 ബജറ്റിൽ പ്രഖ്യാപിച്ച് കിഫ്ബിയിൽ ഉൾപ്പെടുത്തി 42 കോടി രൂപ ചെലവിട്ടാണു രാജ്യാന്തര നിലവാരത്തിലുള്ള ഇൻഡോർ സ്റ്റേഡിയം കോംപ്ലക്സ് നിർമിക്കുന്നത്. 2018ലാണു നിർമാണം തുടങ്ങിയത്.

സി.കെ. ഓംകാരനാഥന്റെ പേരിൽ നിർമിക്കുന്ന ഇൻഡോർ സ്റ്റേഡിയത്തിൽ 5000 പേരെ ഉൾക്കൊള്ളാൻ കഴിയും. 12 ഗെയിംസ് ഇനങ്ങളിൽ ഒരേസമയം പരിശീലനം നടത്താം. നീന്തൽ ദേശീയ മത്സരങ്ങൾ അടക്കം നടത്താൻ കഴിയുന്ന ഒളിംപിക് പൂളുകൾ, ബാസ്കറ്റ് ബോൾ കോർട്ട്, വോളിബോൾ കോർട്ട്, 3 ഷട്ടിൽ ബാഡ്മിന്റൻ കോർട്ടുകൾ, 3 ടേബിൾ ടെന്നിസ് കോർട്ടുകൾ, ജൂഡോ, തയ്ക്വാൻഡോ, ഗുസ്തി, ഷൂട്ടിങ് റേഞ്ച് എന്നിവയും ചുറ്റുവശങ്ങളിലുമായി ഗാലറി സൗകര്യങ്ങളുമുണ്ട്.

സ്പോർട്സ് പരിശീലന കേന്ദ്രം, വാംഅപ് ഏരിയ, കോൺഫറൻസ് ഹാൾ, ഡോർമിറ്ററി സംവിധാനം, പാർക്കിങ് ഏരിയ എന്നീ സൗകര്യങ്ങളും സ്റ്റേഡിയത്തിലുണ്ട്. ജില്ലാ സ്റ്റേഡിയത്തിനു പിന്നാലെ മൾട്ടിപർപ്പസ് ഇൻഡോർ സ്പോർട്സ് കോംപ്ലക്സ് കൂടി യാഥാർഥ്യമാകുന്നതോടെ ജില്ലയിലെ കായിക മേഖലയ്ക്കു പുത്തനുണർവാകും.



# മാമ്പഴക്കാലം പദ്ധതിക്ക് തുടക്കം; മന്ത്രി എ.കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മാമ്പഴക്കാലം പദ്ധതിയുടെ റീജിയണൽ തല ഉദ്ഘാടനം വനം വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ നാട്ടുമാവിൻ തൈ നട്ടു കൊണ്ട് നിർവഹിച്ചു. ഹയർ സെക്കൻഡറി നാഷണൽ സർവീസ് സ്കീം വളണ്ടിയർമാരാണ് പദ്ധതിക്ക് നേതൃത്വം നൽകുന്നത്.

ഐക്യരാഷ്ട്ര സഭയുടെ ആഗോള പ്രവർത്തന പദ്ധതിയായ മിഷൻ ലൈഫുമായി ബന്ധപ്പെട്ട സുസ്ഥിര ഭക്ഷ്യ വ്യവസ്ഥ എന്ന ആശയം പ്രാവർത്തികമാക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് മാമ്പഴക്കാലം.

മാമ്പഴക്കാലം പദ്ധതിയിലൂടെ സംസ്ഥാനമൊട്ടാകെയുള്ള ഹയർ സെക്കൻഡറി വിദ്യാർത്ഥികൾ തയ്യാറാക്കിയ പത്തു ലക്ഷം മാവിൻ തൈകളുടെ വിതരണം ആരംഭിച്ചു. വീടുകൾ കേന്ദ്രീകരിച്ചാണ് വിതരണം നടത്തുന്നത്. ഗസ്റ്റ് ഹൗസിൽ നടന്ന ചടങ്ങിൽ ജില്ലാ കൺവീനർ എം.കെ ഫൈസൽ അധ്യക്ഷത വഹിച്ചു. എസ്. ശ്രീചിത്ത് മുഖ്യ പ്രഭാഷണം നടത്തി. വളണ്ടിയർമാരായ മുഹമ്മദ് ഫതാൻ, ഷഹാം റോസ്, അനാമിക, അഭിഷേക്, പ്രസാദ് എന്നിവർ നേതൃത്വം നൽകി.

## ടെണ്ടർ ക്ഷണിച്ചു

**കോഴിക്കോട്:** 2023 24 സാമ്പത്തിക വർഷം പന്തലായനി അഡീഷണൽ ശിശുവികസന ഓഫീസർക്ക് കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിലേക്കായി മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ചു. ടെണ്ടർ ഫോറത്തിന്റെ വില : 480 രൂപ + 18 ശതമാനം ജി എസ് ടി. പ്രതിമാസ വാടക 800 കിലോമീറ്ററിന് പരമാവധി 20000 രൂപയും അധികരിച്ച് വരുന്ന ഓരോ കിലോമീറ്ററിനും പതിനഞ്ച് രൂപ നിരക്കിൽ പരമാവധി 250 കിലോമീറ്റർ വരെയുമാണ്. വാഹനത്തിന് ടാക്സി പെർമിറ്റ് ഉൾപ്പെടെ നിയമം അനുശാസിക്കുന്ന എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതാണ്. ജൂൺ 19 രാവിലെ 12.30 മണി വരെ ടെണ്ടർ ഫോറം വിൽക്കും . ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയ്യതി : ജൂൺ 19 രണ്ട് മണി വരെ. പൂരിപ്പിച്ച ടെണ്ടറുകൾ അന്നേ ദിവസം രണ്ടരക്ക് തുറക്കുന്നതാണ്. ടെണ്ടറുകൾ മുദ്രവെച്ച കവറിൽ സമർപ്പിക്കേണ്ടതും കവറിന് പുറത്ത് വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള ടെണ്ടർ എന്ന് രേഖപ്പെടുത്തേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് : 04962621190

## അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ ജൂൺ മാസം ആരംഭിക്കുന്ന രണ്ടു വർഷം, ഒരു വർഷം, ആറു മാസം ദൈർഘ്യമുള്ള മോണ്ടിസ്സോറി, പ്രീ പ്രൈമറി, നഴ്സറി ടീച്ചർ ട്രെയിനിംഗ് കോഴ്സുകൾക്ക് ഡിഗ്രി /പ്ലസ് ടു / എസ് എസ് എൽ സി യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് : 7994449314

## ഹയർ സെക്കൻഡറി പ്രവേശനം

**കോഴിക്കോട്:** പത്താം ക്ലാസ്സ് കഴിഞ്ഞ കുട്ടികൾക്ക് ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി ഒന്നാം വർഷ അഡ്മിഷൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ജില്ലയിലെ എല്ലാ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലും ഒരുക്കിയതായി പൊതുവിദ്യാഭ്യാസ വകുപ്പ് തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി വിഭാഗം വടകര മേഖല അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. എല്ലാ ദിവസവും രാവിലെ 10 മണി മുതൽ വൈകിട്ട് അഞ്ച് മണി വരെയാണ് അഡ്മിഷൻ ഹെൽപ് ഡെസ്ക് പ്രവർത്തിക്കുക. ജൂൺ ഒമ്പത് വരെ അപേക്ഷകൾ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് : 0496 2524911

## വി.എച്ച്.എസ്.സി അധ്യാപക ഒഴിവ്

**വട്ടിയൂർക്കാവ്:** ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ ഒഴിവുള്ള നോൺവൊക്കേഷണൽ ടീച്ചർ ഇൻ ഇ.ഡി (ജൂനിയർ) തസ്തികയിലേയ്ക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ അസൽ രേഖകളുമായി വ്യാഴാഴ്ച (ജൂൺ എട്ട്) രാവിലെ 11ന് സ്കൂളിൽ ഹാജരാകണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

## പ്രീ സ്കൂൾ കിറ്റ് ടെണ്ടർ

**ചാലക്കുടി:** സംയോജിത ശിശു വികസന പദ്ധതി ഓഫീസിനു കീഴിൽ പ്രവർത്തിക്കുന്ന 91 അങ്കണവാടികൾക്ക് പ്രീ സ്കൂൾ കിറ്റുകൾ വിതരണം ചെയ്യുന്നതിനായി സ്ഥാപനങ്ങളിൽ നിന്നും അംഗീകൃത ഏജൻസികളിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0480 2706044

### സംസ്ഥാനത്തെ ആദ്യ റിന്യൂവബിൾ പാർക്ക് കളമശേരിയിൽ

# പരിസ്ഥിതി സംരക്ഷണ പദ്ധതികൾ പ്രഖ്യാപിച്ച് മന്ത്രി പി രാജീവ്



**കൊച്ചി:** പുനരുപയോഗിക്കാവുന്ന വസ്തുക്കളും സൗരോർജ്ജവും ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന സംസ്ഥാനത്തെ ആദ്യ റിന്യൂവബിൾ പാർക്ക് കളമശേരിയിൽ ഒരുക്കുമെന്ന് മന്ത്രി പി രാജീവ്. കളമശ്ശേരി മണ്ഡലം മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന 'ശുചിത്വത്തിനൊപ്പം കളമശ്ശേരി' പദ്ധതിയുടെ ഭാഗമായി ലോക പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ നടീൽ പരിപാടിയുടെ മണ്ഡലതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. മൂന്ന് ദിവസം നീണ്ട തീവ്ര ശുചീകരണ യജ്ഞത്തിലൂടെ കളമശ്ശേരി മണ്ഡലത്തെ മാലിന്യമുക്തമാക്കുന്നതിൽ വലിയ പുരോഗതി കൈവരിച്ചിരിക്കുകയാണെന്നും വൃത്തിയാക്കി വീണ്ടെടുത്ത കേന്ദ്രങ്ങളിൽ സ്ഥലം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ഓപ്പൺ ജിം, വിശ്രമ വിനോദ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുമെന്നും മന്ത്രി പറഞ്ഞു. സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന സോളാർ ട്രീ, സോളാർ ബഞ്ചുകൾ തുടങ്ങിയവ റിന്യൂവബിൾ പാർക്കിലെ പ്രധാന ആകർഷണമായിരിക്കും. പുനരുപയോഗിക്കാവുന്ന വസ്തുക്കൾ കൊണ്ട് നിർമ്മിച്ച കലാനിർമ്മിതികൾ, ഇരിപ്പിടങ്ങൾ, ഇൻസ്റ്റലേഷനുകൾ, കുട്ടികൾക്കുള്ള വിനോദോപാധികൾ എന്നിവ പാർക്കിലുണ്ടാകും. കളമശ്ശേരി ടി.വി.എസ് ജംഗ്ഷനിലെ നിപ്പോൺ ഷോറൂമിന് മുൻവശത്തുള്ള സ്ഥലത്താണ് റിന്യൂവബിൾ പാർക്ക് ഒരുങ്ങുന്നത്. സംസ്ഥാനത്ത് ഇത്തരത്തിലുള്ള ആദ്യ മാതൃകകളിൽ ഒന്നാണിത്. മാലിന്യസംസ്ക്കരണത്തിന്റെ പ്രാധാന്യം കുട്ടികളിലേക്കെത്തിക്കാൻ അനുയോജ്യമായ ഉള്ളടക്കത്തിൽ ചിത്രകഥാ രൂപത്തിലുള്ള പുസ്തകങ്ങൾ എല്ലാ സ്കൂളുകളിലും വിതരണം ചെയ്യും. രണ്ടു മാസം കൂടുമ്പോൾ പരിസര ശുചീകരണത്തിനായി ജനപങ്കാളിത്തത്തോടെ തുടർ ക്യാമ്പയിനുകൾ സംഘടിപ്പിക്കും. മാലിന്യം സ്ഥിരമായി തള്ളുന്ന കേന്ദ്രങ്ങളിൽ ക്യാമറകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കും. ഓരോ വാർഡും വൃത്തിയായി സൂക്ഷിക്കുന്നതിന് ജനപ്രതിനിധികൾ നേതൃത്വം നൽകുമെന്നും അദ്ദേഹം പറഞ്ഞു. കളമശ്ശേരി ഗ്ലാസ് കോളനി, ഏലൂർ പ്രാഥമിക ആരോഗ്യത്തിന് സമീപം, കരുമാല്ലൂർ ഷാപ്പുപടി, ആലങ്ങാട് പഴന്തോട്, കരിങ്ങാംതുരുത്ത് ആശുപത്രിക്ക് സമീപം, ഏലൂർ സതേൺ ഗ്യാസ് റോഡ്, മുപ്പത്തടം ചവറ പൈപ്പിന മുൻവശം, കെ.എസ്.ഇ.ബിക്ക് മുൻവശം, കടവ്, കുന്നുകര ചാലാക്ക പാലത്തിന് സമീപം എന്നിവിടങ്ങളിലാണ് പൊതുവിശ്രമ കേന്ദ്രങ്ങൾ, ഓപ്പൺ ജിം എന്നിവ സ്ഥാപിക്കുന്നത്. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കളമശേരി വാർഡ് 15 കുഴിക്കാല, കുന്നുകര ചാലാക്ക പാലത്തിന് സമീപം, കരുമാലൂർ വാർഡ് 5 കാരുചിറ, ആലങ്ങാട്, കടുങ്ങല്ലൂർ മനയ്ക്കപ്പടി ബസ് സ്റ്റോപ്പ്, ഏലൂർ ജംഗ്ഷൻ എന്നിവിടങ്ങളിൽ മന്ത്രിയുടെ നേതൃത്വത്തിൽ വൃക്ഷത്തൈ നട്ടു. ഏലൂർ ജംഗ്ഷനിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ നഗരസഭാ ചെയർപേഴ്സൺ എ.ഡി സുജിൽ, വാർഡ് കൗൺസിലർമാർ, ഫയർ ആൻഡ് റെസ്ക്യൂ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ട്രോളിംഗ് നിരോധനം ജൂൺ ഒമ്പതു മുതൽ

**കൊച്ചി:** ജൂൺ 9 മുതൽ ജൂലൈ 31 വരെയുള്ള ട്രോളിംഗ് നിരോധനം ജില്ലയിൽ ശക്തമായി നടപ്പാക്കുമെന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്. ഇക്കാലയളവിൽ വൈപ്പിന് പുറമേ മുനമ്പം കേന്ദ്രീകരിച്ചും കളക്ടറേറ്റിൽ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ട്രോളിംഗ് നിരോധന മുന്നൊരുക്കങ്ങൾ ചർച്ച ചെയ്യുന്നതിനായി ചേർന്ന ജില്ലാ തല കോ ഓഡിനേഷൻ കമ്മിറ്റി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.കേരള തീരങ്ങളിൽ കിടക്കുന്ന ഇതര സംസ്ഥാന ബോട്ടുകൾ ട്രോളിംഗ് നിരോധനത്തിന് മുൻപ് തന്നെ തീരം വിട്ടു പോകണമെന്നും ഉദ്യോഗസ്ഥർ ഇക്കാര്യം ഉറപ്പു വരുത്തേണ്ടതാണെന്നും കളക്ടർ പറഞ്ഞു. ചെറുമത്സ്യ ബന്ധനത്തിനെതിരെ കർശന നടപടി സ്വീകരിക്കും. നിയമാനുസൃത കണ്ണിവലിപ്പമുള്ള വലകൾ മാത്രമേ മത്സ്യ ബന്ധനത്തിന് ഉപയോഗിക്കാൻ അനുവദിക്കൂ. മത്സ്യബന്ധന യാനങ്ങൾ ഹാർബറുകളിലേക്കും ലാന്റിംഗ് സെന്ററുകളിലേക്കും പ്രവേശിക്കുമ്പോൾ സുരക്ഷിതമായ വേഗത മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്ന് നിർദ്ദേശം നൽകും.വൈപ്പിൻ ഫിഷറീസ് സ്റ്റേഷനിലും മുനമ്പം കൺട്രോൾ റൂമിലും പൊലീസ് ഉദ്യോഗസ്ഥരെ നിയമിക്കും. രക്ഷാ പ്രവർത്തനങ്ങളിൽ കോസ്റ്റ് ഗാർഡ് എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലിസ് എന്നിവരുടെ സംയുക്ത സേവനം ഉറപ്പുവരുത്തും. ട്രോളിംഗ് നിരോധനവുമായി ബന്ധപ്പെട്ട് കടലിലെ രക്ഷാ പ്രവർത്തനങ്ങൾക്കും പട്രോളിംഗിനുമായി പ്രത്യാശ മറൈൻ ആംബുലൻസ്, കൂടാതെ രണ്ട് പട്രോൾ ബോട്ടുകൾ വാടകയ്ക്ക് എടുക്കുന്നതിനും 12 ലൈഫ് ഗാർഡുമാരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിച്ചു. ആവശ്യമെങ്കിൽ മുനമ്പം ഹാർബറിൽ 108 ആംബുലൻസ് സർവീസ് സജ്ജീകരിക്കുന്നതിനുള്ള നടപടിയെടുക്കും. സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ സപ്ലൈ ഓഫീസർക്ക് നിർദ്ദേശം നൽകി.ട്രോളിംഗ് നിരോധന സമയത്ത് കടലിൽ പോകുമ്പോൾ മത്സ്യത്തൊഴിലാളികൾ നിർബന്ധമായും ആധാർ കാർഡ് കൈയ്യിൽ കരുതണം. കളർകോഡിംഗ് പൂർത്തിയാക്കാത്ത ബോട്ടുകളും ഇൻബോർഡ് വള്ളങ്ങളും ട്രോളിംഗ് നിരോധനം കഴിയുന്നതിനു മുൻപ് പൂർണ്ണമായും കളർകോഡിംഗ് പൂർത്തിയാക്കണം. ട്രോളിംഗ് നിരോധന സമയത്ത് കടലിൽ പോകുന്ന ഒരു വലിയ വള്ളത്തിനോടൊപ്പം (ഇൻബോർഡ് വള്ളം) ഒരു കാരിയർ വള്ളം മാത്രമേ അനുവദിക്കൂ. ഇക്കാര്യത്തിൽ ഫിഷറീസ് വകുപ്പിന്റെ കർശന പരിശോധന ഉറപ്പാക്കും. ഉപയോഗിക്കുന്ന കാരിയർ വള്ളത്തിന്റെ രജിസ്ട്രേഷൻ ഉൾപ്പെടയുള്ള വിവരങ്ങൾ അതാത് ഫിഷറീസ് ഓഫീസുകളിൽ യാനം ഉടമകൾ റിപ്പോർട്ട് ചെയ്യണം. അതിനായി ഇൻബോർഡ് വള്ളങ്ങളുടെ ഉടമകൾക്ക് നിർദ്ദേശം നൽകും. സി.ഐ.എഫ്.എൻ.ഇ.ടി, സി.എം.എഫ്.ആർ.ഐ, സി.ഐ.ആർ.എഫ് എന്നീ സ്ഥാപനങ്ങളുടെ റിസർച്ച് വെസ്സലുകൾക്ക് ട്രോൾബാൻ കാലയളവില് ഇളവ് അനുവദിക്കും. ഏറ്റവും കൂടുതൽ ആളുകൾ മത്സ്യബന്ധനത്തിനു പോകുന്ന ഇൻബോർഡ് വള്ളങ്ങളിൽ മതിയായ ജീവൻ രക്ഷാ ഉപകരണങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഫിഷറീസ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കണം. ഹാർബറുകളിലേയും മറ്റും ഡീസൽ ബങ്കുകൾ ട്രോളിംഗ് നിരോധന കാലയളവിൽ അടച്ചുപൂട്ടുന്നുതിനും ഇൻബോർഡ് വള്ളങ്ങൾക്ക് ഡീസൽ ലഭ്യമാക്കുന്നതിനായി തെരഞ്ഞെടുത്ത മത്സ്യഫെഡ് ബങ്കുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കും. മത്സ്യതൊഴിലാളികളുടെ ആവശ്യാനുസരണം മുൻവർഷങ്ങളിലേത് പോലെ രണ്ട് സ്വകാര്യ ഡീസൽ ബങ്കുകൾ തുറന്നു പ്രവർത്തിക്കുന്നതിനു അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും യോഗത്തിൽ തീരുമാനിച്ചു. യോഗത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാൻ, ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ ഉഷ ബിന്ദു മോൾ, ഫിഷറീസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എസ്. ജയശ്രീ, അസി. ഡയറക്ടർ പി അനീഷ്, ജൂനിയർ സൂപ്രണ്ട് സേവ്യർ ബോബൻ, മുനമ്പം ഡി.വൈ.എസ്.പി എം.കെ മുരളി, വിവിധ വകുപ്പ് മേധാവികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ഹജ്ജ് ക്യാമ്പ് മന്ത്രി പി.രാജീവ് ഇന്ന് ഉദ്ഘാടനം ചെയ്യും

കൊച്ചി: നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ ഹജ്ജ് ക്യാമ്പ് വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് ഇന്ന് ഉച്ചകഴിഞ്ഞ് മൂന്നിന് ഉദ്ഘാടനം ചെയ്യും. നെടുമ്പാശ്ശേരിയിൽ നിന്നുള്ള ആദ്യ വിമാനം നാളെ രാവിലെ 11:30 ന് പുറപ്പെടും. മന്ത്രി വി. അബ്ദുറഹിമാൻ വിമാനം ഫ് ളാഗ് ഓഫ് ചെയ്യും.ഒരു ലക്ഷം ചതുരശ്ര അടി സ്ഥലത്താണ് ക്യാമ്പ് ഒരുക്കിയിരിക്കുന്നത്. ജൂൺ 7 മുതൽ 21 വരെയാണ് നെടുമ്പാശേരിയിൽ നിന്നുള്ള സർവീസുകൾ. 7, 9, 10, 12, 14, 21 തീയതികളിൽ ദിവസവും പകൽ 11.30 ന് ആകും ജിദയിലേക്ക് സർവീസ്. നെടുമ്പാശ്ശേരിയിൽ നിന്ന് 2244 ഹാജിമാരാണ് ഇത്തവണ ഹജ്ജിന് പോകുന്നത്. 1341 സ്ത്രീകളും 903 പുരുഷന്മാരുമാണ് നെടുമ്പാശേരിയിൽ നിന്നുള്ളത്. ഇതിൽ 164 ലക്ഷദ്വീപിൽ നിന്നുള്ളവരാണ്. സിയാൽ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ഹജ്ജ് കമ്മിറ്റി അംഗം കെ.സഫർ കയാൽ, ഹജ്ജ് കമ്മിറ്റി എക്സിക്യൂട്ടീവ് ഓഫീസർ പി.എം ഹമീദ്, ഹജ്ജ് സെൽ ഓഫീസർ ഡിവൈഎസ്പി എം.ഐ ഷാജി, ക്യാമ്പ് കോ ഓഡിനേറ്റർ ടി.കെ സലിം, വിവിധ വകുപ്പുകളിലേയും സിയാലിലേയും ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## തീരദേശ പരിപാലന പ്ലാൻ: പബ്ലിക് ഹിയറിങ് ജൂൺ 12ന്

കൊച്ചി: 2019 ലെ തീരദേശ പരിപാലന പ്ലാനിന്റെ കരടിന്മേലുള്ള നിർദ്ദേശങ്ങളും പരാതികളും സ്വീകരിക്കുന്നതിനായി ഈ മാസം 12 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്താനിരുന്ന പബ്ലിക് ഹിയറിങ്, കൊച്ചി കടവന്ത്രയിലുള്ള റീജണൽ സ്പോർട്സ് സെൻററിലേക്ക് മാറ്റിയതായി ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് അറിയിച്ചു. പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായി പരിപാടിയിൽ പങ്കെടുക്കുന്നതിനായാണ് വേദി മാറ്റിയത്. കൊച്ചി കോർപറേഷൻ, 6 നഗരസഭകൾ, 25 പഞ്ചായത്തുകൾ എന്നിവയാണ് തീരദേശ പ്ലാനിൽ ഉൾപ്പെടുന്നത്. തീരദേശ പരിപാലന അതോറിറ്റിയുടെ വിദഗ്ദ്ധർ പങ്കെടുക്കുന്ന ഹിയറിങ്ങിൽ, പ്ലാനിന്മേൽ പൊതുജനങ്ങൾക്കുള്ള അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും, പരാതികളും നേരിട്ടും രേഖാമൂലവും സമർപ്പിക്കുന്നതിനുള്ള അവസരം ഉായിരിക്കുന്നതാണ്.

## ദേശീയ റാങ്കിംഗിൽ മഹാരാജാസിന് 46ാം സ്ഥാനം

**കൊച്ചി:** കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൻറെ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിൽ (എൻഐആർഎഫ്) എറണാകുളം മഹാരാജാസ് കോളേജിന് 46ാം സ്ഥാനം. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം നിയോഗിക്കുന്ന സമിതി ദേശീയാടിസ്ഥാനത്തിൽ നടത്തിയ വിലയിരുത്തലിലാണ് കോളേജുകളുടെ വിഭാഗത്തിൽ മഹാരാജാസ് 46ാമതെത്തിയത്. മു9 വർഷത്തെ അറുപതാം സ്ഥാനത്ത് നിന്നുമാണ് മഹാരാജാസ് കോളേജ് ഇക്കുറി 46ലേക്കെത്തിയിരിക്കുന്നത്. സംസ്ഥാനത്തെ മറ്റ് സർക്കാർ കോളേജുകളിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജും 26ാം സ്ഥാനവുമായി ആദ്യ അമ്പത് റാങ്കുകളിൽ ഇടംപിടിച്ചു. കേരളത്തിൽ നിന്നും കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (30), സെൻറ് തെരേസാസ് കോളേജ് (41),തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ് (45) എന്നീ കോളേജുകളും ആദ്യ അമ്പതില്.അധ്യയനം, ഗവേഷണം തുടങ്ങി നിരവധി ഘടകങ്ങളെ ആസ്പദമാക്കിയുള്ള വിലയിരുത്തലാണ് എൻഐആർഎഫ് നടത്തുന്നത്. കോളേജിൻറെ സമഗ്രമായ പ്രവർത്തനം, ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനുള്ള ശേഷി, ഗവേഷണാവസരങ്ങൾ, പഠനാന്തരീക്ഷം എന്നിവയിലേക്ക് വിരൽ ചൂന്ന സൂചകങ്ങളാണിവ. സ്വയംഭരണ പദവി കൈവരിച്ച സംസ്ഥാനത്തെ പ്രമുഖ കോളേജുകളിലൊന്നായ മഹാരാജാസ് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിലടക്കം മികച്ച മുന്നേറ്റമാണ് കഴിഞ്ഞ വർഷങ്ങളിൽ കൈവരിച്ചത്.

## ടീച്ചർ ട്രെയിനിംഗ് കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ ജൂൺ മാസം ആരംഭിക്കുന്ന രണ്ടു വർഷം , ഒരു വർഷം , ആറു മാസം ദൈർഘ്യമുള്ള മോണ്ടിസ്സോറി, പ്രീ പ്രൈമറി, നഴ്സ്സറി ടീച്ചർ ട്രെയിനിംഗ് കോഴ്സുകൾക്ക് ഡിഗ്രി/പ്ലസ് ടു/എസ്.എസ്.എൽ.സി യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു . വിശദ വിവരങ്ങൾക്ക് ബിസിൽ ട്രെയിനിംഗ് ഡിവിഷൻ ഫോൺ 7994449314..

# ജനറൽ ആശുപത്രിയിൽ പരിസ്ഥിതി ദിനം ആഘോഷിച്ചു



**കൊച്ചി:**ലോക പരിസ്ഥിതിദിനത്തിന്റെ ഭാഗമായി എറണാകുളം ജനറൽ ആശുപത്രിയിൽ പ്രകൃതി: പ്രതീക്ഷ എന്ന പേരിൽ പരിസ്ഥിതിദിനഘോഷ പരിപാടികൾ സംഘടിപ്പിച്ചു. ആശുപത്രി അങ്കണത്തിൽ സംഘടിപ്പിച്ച പരിപാടിയുടെ ഉദ്ഘാടനം ഹൈബി ഈഡൻ എം. പി. നിർവഹിച്ചു.ചടങ്ങിനോടനുബന്ധിച്ച് ആശുപത്രി അങ്കണത്തിൽ സ്ഥിതി ചെയ്യുന്ന 200 വർഷത്തിലേറെ പഴക്കമുള്ള മഴമരത്തിനു വൃക്ഷ ശ്രേഷ്ഠ പുരസ്‌കാരം നൽകി. ഏറോബിക് കമ്പോസ്റ്റ് ബൂത്ത്, പ്ലാസ്റ്റിക് റിക്കവറി സെന്റർ എന്നീ പദ്ധതികൾ യാഥാർഥ്യമാക്കിയ സൂപ്ര് ഡോ .ഷാഹിർഷായെ യോഗത്തിൽ അഭിനന്ദിച്ചു. തൊഴിലും കൃഷിയും സമന്വയിപ്പിച്ചു കൊണ്ടുപോകുന്ന ആശുപത്രി ജീവനക്കാരായ മിനി ജോസഫ് ,നേഴ്‌സിംഗ് സൂപ്രണ്ട് , നിഷ , സീനിയർ നഴ്‌സിംഗ് ഓഫീസർ ജിംസില, ഐ സി ടി സി (ICTC) കൗൺസിലർ എന്നിവർക്ക് 'കർഷകശ്രീ' അവാർഡ് നൽകി ആദരിച്ചു. പ്രകൃതി സംരക്ഷണം വിഷയമാക്കിയുള്ള പോസ്റ്റർ രചന മത്സരങ്ങൾ സംഘടിപ്പിച്ചു.എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും ആശുപത്രി സ്റ്റാഫ് വെൽഫെയർ കമ്മിറ്റിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടത്തിയ ചടങ്ങിൽ ടി.ജെ. വിനോദ് എം. എൽ. എ.അധ്യക്ഷത വഹിച്ചു. കളക്ടർ എൻ. എസ്. കെ. ഉമേഷ് മുഖ്യ പ്രഭാഷണം നടത്തി. ഡെപ്യൂട്ടി സൂപ്ര് ഡോ. ആശ കെ. ജോൺ, എച്ച്. ഡി.എസ്. അംഗങ്ങളായ .എം .പി .രാധാകൃഷ്ണൻ, പി .എം .മുഹമ്മദ്ഹസ്സൻ, സീനുലാൽ, കെ വി .ബിജോയ്, കുര്യൻ എബ്രഹാം, പി .എസ്. പ്രകാശൻ, ബോസ്‌കോ വടുതല എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## കോ ഓർഡിനേറ്റർമാരെ തെരഞ്ഞെടുക്കുന്നു

**കൊച്ചി:** സംസ്ഥാന യുവജന കമ്മീഷന്റെ വിവിധ പദ്ധതികളിലേയ്ക്ക് ജില്ലാ കോ ഓർഡിനേറ്റർമാരെയും ജില്ലാ കോഓർഡിനേറ്റർമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് 2 സംസ്ഥാന തല പ്രോജക്ട് കോ ഓർഡിനേറ്റർമാരെയും അഭിമുഖം മുഖേന തെരഞ്ഞെടുക്കുന്നു. പദ്ധതി കാലയളവ് മാർച്ച് 2024 ന് അവസാനിക്കുന്നതാണ്. ജില്ലാ കോഓഡിനേറ്റർ തസ്തികയിൽ അപേക്ഷിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത +2 വും, സംസ്ഥാന പ്രോജക്ട് കോ ഓർഡിനേറ്റർ തസ്തികയിൽ അപേക്ഷിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത ഡിഗ്രിയുമാണ്. പ്രസ്തുത മേഖലകളിൽ പ്രവൃത്തി പരിചയമുള്ളവർക്ക് ടി തസ്തികകളിൽ മുൻഗണന നൽകുന്നതാണ്.താൽപര്യം ഉള്ള 18 നും 40 നും ഇടയിൽ പ്രായമുള്ള യുവജനങ്ങൾ പാസ്‌പോർട്ട് സൈസ് ഫോട്ടോ പതിച്ച അപേക്ഷ, (സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ), യോഗ്യതസംബന്ധിച്ച സർട്ടിഫിക്കറ്റുകളുടെ അസ്സൽ എന്നിവ സഹിതം ജൂൺ 13 രാവിലെ 10 ന് എറണാകുളം ഗവ.ഗസ്റ്റ് ഹൌസ് കോൺഫറൻസ് ഹാളിൽ കമ്മീഷൻ തലത്തിൽ നടക്കുന്ന അഭിമുഖത്തിൽ നേരിട്ട് ഹാജരാക്കോണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ ഫോറം കമ്മീഷന്റെ www.skyc.kerala.gov.in എന്ന വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അഭിമുഖത്തിൽ പങ്കെടുക്കാൻ താല്പര്യപ്പെടുന്ന ഉദ്യോഗാർത്ഥികൾ അന്നേദിവസം രാവിലെ 10 ന് അഭിമുഖത്തിന് ഹാജരാക്കോണ്ടതാണ്, നിശ്ചിത സമയപരിധി കഴിഞ്ഞ് എത്തുന്ന ഉദ്യോഗാർത്ഥികളെ അഭിമുഖത്തിന് പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.സംസ്ഥാന പ്രോജക്ട് കോ ഓർഡിനേറ്റർമാർ (2 തസ്തികകൾ, പ്രതിമാസ ഓണറേറിയം. 12,000/ രൂപ) ജില്ലാ കോ ഓർഡിനേറ്റർമാർ(28 എണ്ണം ഓണറേറിയം.6000/)

## ഹോസ്റ്റൽ നടത്തുന്നതിന് വാടകയ്ക്ക് കെട്ടിടം ആവശ്യമുണ്ട്

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന് ജില്ലയിൽ പുതുതായി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കുന്നതിന് വാടകയ്ക്ക് കെട്ടിടം ആവശ്യമുണ്ട്. എറണാകുളം നഗര പരിധിയിൽ 5000 സ്‌ക്വയർ ഫീറ്റിൽ കുറയാത്ത വെള്ളം, വൈദ്യുതി, ഗതാഗത സൗകര്യം എന്നിവ ലഭ്യമായിട്ടുള്ള കെട്ടിടമാണ് ആവശ്യമുള്ളത്. അത്തരത്തിലുള്ള കെട്ടിടം വാടകയ്ക്ക് നൽകുവാൻ താത്പര്യമുള്ളവർ ജില്ലാ പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെടുക. ഫോൺ 2422256.

# പരിസ്ഥിതി ദിനം: ഹരിത സമ്മേളനം സംഘടിപ്പിച്ച് മീഡിയ അക്കാദമി




**കാക്കനാട്:** പ്ലാസ്റ്റിക്കിന്റെ റീസൈക്ലിംഗ് അല്ല, പ്ലാസ്റ്റിക് നിരോധനം തന്നെയാണ് പ്രകൃതിയെ നിലനിർത്താൻ സ്വീകരിക്കേണ്ട അടിസ്ഥാന നടപടിയെന്ന് പ്രശസ്ത വാസ്തു ശിൽപിയും പരിസ്ഥിതി പ്രവർത്തകനുമായ ജി.ശങ്കർ അഭിപ്രായപ്പെട്ടു. ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് കേരള മീഡിയ അക്കാദമിയും എറണാകുളം പ്രസ്സ് ക്ലബ്ബും സംയുക്തമായി സംഘടിപ്പിച്ച ഹരിതസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഹരിത രാഷ്ട്രീയം ലോകത്തിന്റെ നിലനില്പിന്റെ രാഷ്ട്രീയമാണ്. വാണിജ്യ ആവശ്യങ്ങൾക്കായി പ്ലാസ്റ്റിക് മാലിന്യങ്ങളെ ഉപയോഗപ്പെടുത്തുക എന്ന ചിന്തയാണ് സർക്കുലർ ഇക്കോണമിയുടെ അടിസ്ഥാനം. ഇത് നാശത്തിന്റെ ചിന്താധാരയാണ്. ലോകത്തിലെ ജീവജാലങ്ങളെയാകമാനം ഇല്ലാതാക്കാനാവുന്നത്രയും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഭൂമായിലിപ്പോളുണ്ട്. കാലാവസ്ഥാവ്യതിയാനത്തിന്ആക്കം കൂട്ടുന്നതിന് മറ്റൊരു കാരണം നാട്ടിൽ നടക്കുന്ന നിർമാണ പ്രവർത്തനങ്ങളിലെ തെറ്റായ തെരഞ്ഞെടുപ്പാണെന്നും ജി. ശങ്കർ പറഞ്ഞു.മനുഷ്യനെ പ്രകൃതിയിൽ നിന്നും അകറ്റുന്ന ശക്തികൾക്കെതിരെ മാധ്യമ പ്രവർത്തകർ മനസ്സുകൊണ്ട് ഒന്നിച്ചു നിൽക്കേണ്ട കാലമാണിതെന്ന് അധ്യക്ഷ പ്രസംഗത്തിൽ മീഡിയ അക്കാദമി ചെയർമാൻ ആർ. എസ്. ബാബു പറഞ്ഞു. പരിസ്ഥിതി മധ്യമപ്രവർത്തനത്തിൽ എന്തു സംഭാവനയാണ് മലയാള മാധ്യമ പ്രവർത്തകർ നൽകിയത് എന്ന ചോദ്യത്തിന് ഉത്തരമാണ് എൻഡോസൾഫാൻ പോലെയുള്ള വിഷയങ്ങളിൽ മധുരാജിനെപ്പോലെയുള്ള ഫോട്ടോഗ്രഫർമാരും പത്രപ്രവർത്തകരും സമൂഹത്തിലെത്തിച്ച ഞെട്ടിപ്പിക്കുന്ന ചിത്രങ്ങളും റിപ്പോർട്ടുകളും. മാധ്യമങ്ങളുണ്ടായിരുന്നതുകൊണ്ടാണ് പരിസ്ഥിതി നാശത്തിനു കാരണമായ പല തീരുമാനങ്ങളിൽ നിന്നും ബന്ധപ്പെട്ടവർ പിൻമാറിയതെന്നും ആർ.എസ്.ബാബു പറഞ്ഞു.പരിസ്ഥിതിയുമായി ബന്ധപ്പെട്ട മാധ്യമ പ്രവർത്തനത്തിൽ സമഗ്രസംഭാവന നൽകിയ കെ എസ് സുധി (സീനിയർ അസിസ്റ്റന്റ് എഡിറ്റർ, ദി ഹിന്ദു), പി ബാലൻ (ഡയറക്ടർ ഓഫ് ഇൻ ചാർജ് കൊച്ചി എഫ് എം), എം.സുചിത്ര ( ഡൗൺ ടു എർത്ത് മുൻ സൗത്ത് ഇന്ത്യൻ ബ്യൂറോ ചീഫ്), മധുരാജ് ( ചീഫ് ഫോട്ടോഗ്രാഫർ മാതൃഭൂമി), വി പി റജീന ( സീനിയർ സബ് എഡിറ്റർ, മാധ്യമം) എന്നീ മാധ്യമപ്രവർത്തകരെ ചടങ്ങിൽ ആദരിച്ചു. വ്യവസായിക മാലിന്യങ്ങളിൽ നിന്നും റീസൈക്കിൾ ചെയ്ത വസ്തുക്കൾ ഉപയോഗിച്ച് നിലമ്പൂർ സ്വദേശി ബിച്ചാവ എന്ന കലാകാരൻ രൂപകല്പന ചെയ്ത മെമെന്റോയാണ് ഏവർക്കും നൽകിയത്. സെക്രട്ടറി കെ. ജി സന്തോഷ്, വൈസ് ചെയർമാൻ ഇ. എസ് സുഭാഷ്, എറണാംകുളം പ്രസ് ക്ലബ് പ്രസിഡന്റ് എം. ആർ ഹരികുമാർ, സെക്രട്ടറി സൂഫി മുഹമ്മദ്. എം., മീഡിയ അക്കാദമി ഡയറക്ടർ കെ. രാജഗോപാൽ, അക്കാദമി അസി. സെക്രട്ടറി പി. കെ. വേലായുധൻ എന്നിവർ സംസാരിച്ചു. പരിപാടിയോടനുബന്ധിച്ച് അക്കാദമി ചെയർമാൻ ആർ എസ് ബാബു ക്യാമ്പസിൽ വൃക്ഷത്തൈ നട്ടു.ഹരിത സമ്മേളനത്തിനു മുന്നോടിയായി മറൈൻ ഡ്രൈവിൽ സംഘടിപ്പിച്ച 'ഹരിതനടത്തം' ത്തിൽകേരള മീഡിയ അക്കാദമി ചെയർമാൻ ആർ. എസ് ബാബു, സെക്രട്ടറി കെ. ജി സന്തോഷ്,അസിസ്റ്റന്റ് സെക്രട്ടറി പി. കെ വേലായുധൻ, ഡയറക്ടർ കെ. രാജഗോപാൽ എന്നിവരും അക്കാദമി ജീവനക്കാരും വിദ്യാർത്ഥികളും പങ്കെടുത്തു.

# സമ്പൂർണ മാലിന്യനിർമ്മാർജനത്തിന് നിയമനടപടികൾ ശക്തമാക്കണം: മന്ത്രി എം.ബി രാജേഷ്

**തിരുവനന്തപുരം:** കേരളത്തെ സമ്പൂർണ മാലിന്യമുക്ത സംസ്ഥാനമാക്കാൻ തദ്ദേശസ്ഥാപനങ്ങൾ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കണമെന്ന് തദ്ദേശ സ്വയംഭരണഎക്സൈസ് മന്ത്രി എം.ബി. രാജേഷ്. നിയമനടപടികൾ ശക്തമാക്കണമെന്നും ബോധവത്കരണ നടപടികൾ മാത്രം മതിയാകില്ലെന്നും മന്ത്രി അഭിപ്രായപ്പെട്ടു. മാലിന്യമുക്ത നവകേരളം പ്രചാരണത്തിന്റെ ഭാഗമായുള്ള ഹരിതസഭകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിക്കുകയായിരുന്നു മന്ത്രി. മാലിന്യനിർമ്മാർജ്ജനത്തിനായുള്ള നിരവധി പ്രവർത്തവങ്ങൾ സർക്കാരും തദ്ദേശ സ്ഥാപനങ്ങളും നടത്തുന്നുണ്ട്. എന്നാൽ ഇത്തരം പ്രവർത്തനങ്ങളുടെ വിജയത്തിന് ജനങ്ങളുടെ പൂർണ്ണപിന്തുണ ആവശ്യമാണെന്നും മന്ത്രി പറഞ്ഞു.പൊതുയിടങ്ങളിൽ മാലിന്യ നിക്ഷേപം തടയുന്നതിന് നിയമനടപടികൾ ശക്തമാക്കും. ഉറവിട മാലിന്യ സംസ്കരണം കൂടുതൽ മെച്ചപ്പെടുത്തണം. 2024 ൽ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും മാലിന്യമുക്തമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. മാലിന്യമുക്ത നവകേരളം പ്രചാരണത്തിന്റെ മൂന്നു ഘട്ടങ്ങളിലേയും പ്രവർത്തന പുരോഗതി കൃത്യമായി വിലയിരുത്തും. നവംബർ ഒന്നിന് നവകേരള ഹരിത സഭ സംഘടിപ്പിക്കും. നവംബർ 14 ന് നവകേരള ശിശുദിന ഹരിതസഭകൾ സംഘടിപ്പിക്കുമെന്നും കുട്ടികൾ തദ്ദേശ സ്ഥാപനങ്ങളുടെ റിപ്പോർട്ട് വിലയിരുത്തുമെന്നും മന്ത്രി വ്യക്തമാക്കി. ഹരിതസഭയുടെ ഭാഗമായുള്ള വെൻഡിംഗ് മെഷീൻ, സഞ്ചി യൂണിറ്റ്, കൈപുസ്തകം, ഗ്രീൻ ടെക്നീഷ്യന്മാരെ വിന്യസിക്കൽ, സി.സി ടിവി സ്ഥാപിക്കൽ, സാനിറ്ററി മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള കരാർ കൈമാറൽ, മാലിന്യരംഗത്ത് ജി.ഐ.സെഡിന്റെ സഹകരണ കരാർ തുടങ്ങിയവയുടെ ഉദ്ഘാടനവും മന്ത്രി നിർവ്വഹിച്ചു.മാലിന്യമില്ലാത്ത മലയാളനാട് കേരളത്തിന്റെ സ്വപ്നമാണെന്നും കേരള ജനതയുടെ പങ്കാളിത്തതോടെ അത് സാധ്യമാകുമെന്നും ചടങ്ങിൽ അധ്യക്ഷനായിരുന്ന ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു പറഞ്ഞു.മലിനീകരണ തോത് കുറയ്ക്കുന്നതിനായും പാരിസ്ഥിക പ്രശ്നങ്ങളെ അതിജീവിക്കുന്നതിനും ഓരോ വകുപ്പും ശ്രമിക്കുന്നുണ്ട്. വായുമലിനീകണം കുറയ്കാൻ കെഎസ്ആർടിസി ഇലക്ട്രിക് ബസ്സുകളിലേക്ക് മാറുകയാണ്. 50 ബസുകൾ ഇതിനകം വാങ്ങികഴിഞ്ഞു. 113 ഇലക്ട്രിക് ബസ്സുകൾ അടുകൂടി അടുത്ത മാസം വാങ്ങും. ഇതോടെ തിരുവനന്തപുരം നഗരത്തിൽ 163 ഇലക്ട്രിക് ബസ്സുകൾ ഉണ്ടാകും. കിഫ്ബി 814 കോടി രൂപ കെഎസ്ആർടിസിക്ക് അനുവദിച്ചു. ഇതുവഴി വാങ്ങുന്ന ബസുകളിൽ നല്ലൊരു ശതമാനവും ഇലക്ട്രിക് ബസ്സുകൾ ആയിരിക്കും.ജലഗതാഗതത്തിനായി ഉപയോഗിക്കുന്ന ബോട്ടുകൾ ഇലക്ട്രിക്,സോളാർ ബോട്ടുകളാക്കി മാറ്റികൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം നഗരസഭയുടെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. പല തദ്ദേശ സ്ഥാപനങ്ങൾക്കും തിരുവനന്തപുരം നഗരസഭ മാതൃകയാണ്. ഒരു കാലത്ത് ഏറ്റവും വൃത്തിയുള്ള നഗരത്തിനുള്ള അവാർഡ് നേടിയ നഗരസഭയാണ് തിരുവനന്തപുരം നഗരസഭ എന്നും അത് തിരിച്ചു പിടിക്കണമെന്നും മന്ത്രി പറഞ്ഞു.

# പെട്രോണാസ് ടിവിഎസ് വൺ മെയ്ക് ചാംപ്യൻഷിപ്പ്: സാങ്കേതിക പങ്കാളിയായി യൂറോഗ്രിപ് ടയേഴ്സ്

**ചെന്നൈ:** മുൻനിര ടു ആന്റ് ത്രീവീലർ, ഓഫ് ഹൈവേ ടയർനിർമ്മാതാക്കളിൽ ഒന്നായ ടിവിഎസ് ശ്രീചക്ര ലിമിറ്റഡ് തുടർച്ചയായി അഞ്ചാം വർഷവും പെട്രോണാസ് ടിവിഎസ് വൺ മേക്ക് ചാമ്പ്യൻഷിപ്പിന്റെ 'സാങ്കേതിക പങ്കാളി' ആകും. ചാമ്പ്യൻഷിപ്പിൽ എല്ലാ മോട്ടോർ സൈക്കിളുകളും ഇഷ്ടാനുസൃതമായി രൂപകൽപ്പന ചെയ്ത ടിവിഎസ് യൂറോഗ്രിപ്പ് ടയറുകളിലാണ് മത്സരിക്കുന്നത്. ഈ വർഷത്തെ ആദ്യ റേസിംഗ് ഇവന്റ് കോയമ്പത്തൂരിലെ കാരി മോട്ടോർ റേസ്ട്രാക്കിൽ കഴിഞ്ഞ വാരാന്ത്യത്തിൽ നടന്നു.ചാമ്പ്യൻഷിപ്പിന്റെ 2023 പതിപ്പിൽ ടിവിഎസ് യൂറോ ഗ്രിപ്പിന്റെ മുൻനിര ഉൽപ്പന്നങ്ങളായ പ്രോടോർക് എക്സ്ട്രീം (സീറോ ഡിഗ്രി സ്റ്റീൽ ബെൽറ്റ് റേഡിയൽ ടയറുകൾ), റെമോറ എന്നിവ ടിവിഎസ് അപ്പാച്ചെ ഞഞ 310, അപ്പാച്ചെ ഞഠഞ 200 മോട്ടോർ സൈക്കിളുകളിൽ പ്രദർശിപ്പിക്കുമെന്ന് ടിവിഎസ് ശ്രീചക്ര ലിമിറ്റഡ് ചീഫ് ടെക്നോളജി ഓഫീസർ (ആർ ആൻഡ് ഡി) വി ശിവരാമകൃഷ്ണൻ പറഞ്ഞു.1994 മുതലാണ് ടിവിഎസ് റേസിംഗ് വൺ മേക്ക് ചാമ്പ്യൻഷിപ്പിന് തുടക്കമിട്ടത്, പിന്നീട് റൂക്കി, വിമൻസ്, മീഡിയ, എക്സ്പെർട്ട് എന്നീ നാല് വിഭാഗങ്ങളായി പ്രോഗ്രാം വിപുലീകരിച്ചു. അഭിമാനകരമായ ഇന്ത്യൻ നാഷണൽ മോട്ടോർസൈക്കിൾ റേസിംഗിനൊപ്പം ഈ മത്സരങ്ങളും നടക്കുന്നു. കൂടാതെ, 2022ൽ ഏഷ്യാ റോഡ് റേസിംഗ് ചാമ്പ്യൻഷിപ്പിന്റെ ഭാഗമായി ടിവിഎസ് റേസിംഗ് ആദ്യത്തെ ഏഷ്യ വൺ മേക്ക് ചാമ്പ്യൻഷിപ്പ് സംഘടിപ്പിച്ചു.തുടർച്ചയായ അഞ്ചാം വർഷവും 'ടെക്നിക്കൽ പാർട്ണർ' എന്ന നിലയിൽ ടിവിഎസ് വൺ മേക്ക് ചാമ്പ്യൻഷിപ്പിന്റെ പങ്കാളിത്തം അഭിമാനകരമാണെന്ന് വി ശിവരാമകൃഷ്ണൻ പറഞ്ഞു, 'ഞങ്ങളുടെ മുൻനിര സീറോഡിഗ്രി സ്റ്റീൽ ബെൽറ്റഡ് റേഡിയലുകൾ റേസർമാർക്ക് അവരുടെ പരിധികൾ മറികടക്കാനും റേസിംഗ് സർക്യൂട്ടിൽ മികവ് പുലർത്താനും ആത്മവിശ്വാസം നൽകുമെന്ന് ഉറപ്പുണ്ടെന്നും അദ്ദേഹം പറഞ്ഞു.ഞങ്ങളുടെ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിനായുള്ള ആത്യന്തിക പരീക്ഷണമാണ് റേസിംഗ് എന്ന് ടിവിഎസ് ശ്രീചക്ര ലിമിറ്റഡ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പി മാധവൻ പറഞ്ഞു.കഴിഞ്ഞ കുറച്ച് വർഷങ്ങളായി




ഞങ്ങളുടെ ടയറുകളുടെ പ്രകടനത്തെക്കുറിച്ച് റേസർമാരിൽ നിന്ന് ഞങ്ങൾക്ക് മികച്ച ഫീഡ്ബാക്കും അംഗീകാരപത്രങ്ങളും ലഭിക്കുന്നു. തങ്ങളുടെ പ്രീമിയം ഉൽപ്പന്ന ശ്രേണി ശക്തിപ്പെടുത്തുന്നതും ലോകോത്തര ഉയർന്ന പ്രകടന ഉൽപ്പന്നങ്ങൾ വാഗ്ദാനം ചെയ്യുന്നതും തുടരുമെന്നും അദ്ദേഹം പറഞ്ഞു.മോട്ടോർസ്പോർട്സ് ലോകത്തെ യുവപ്രതിഭകളെ പരിപോഷിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും ടിവിഎസ് റേസിംഗ് നിർണായകമാണെന്ന് ടിവിഎസ് മോട്ടോർ കമ്പനി പ്രീമിയം ബിസിനസ് ഹെഡ് വിമൽ സംബ്ലി പറഞ്ഞു,

# കടൽത്തീരങ്ങളിൽ തെങ്ങിൻ തൈകൾ വെച്ച് റിലയൻസ്



**കൊച്ചി:** ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച്, ദുരന്ത നിവാരണ സംരംഭങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് പ്രകൃതിയെ അടിസ്ഥാനമാക്കിയുള്ള പരിഹാരങ്ങൾ സ്വീകരിക്കുക എന്ന ലക്ഷ്യത്തോടെ റിലയൻസ് ഫൗഷേൻ ദുരന്ത നിവാരണ ടീം കേരളത്തിലെ എറണാകുളം ജില്ലയിലെ ദുരന്ത സാധ്യതയുള്ള തീരദേശ പഞ്ചായത്തുകളായ നായരമ്പലം, എടവനക്കാട്, എളംക്കുന്നപ്പുഴ, ഞാറക്കൽ, കുഴുപ്പിള്ളി, ചെല്ലാനം, ചേന്ദമംഗലം, വടക്കേക്കര, പുത്തൻവേലിക്കര എന്നീ 9 പഞ്ചായത്തുകളിൽ സഹൃദയ വെൽഫയർ സർവീസസ് എൻജിഒയുമായി സഹകരിച്ച് ഈ 2250 തെങ്ങിൻ തൈകൾ നട്ടു .

നായരമ്പലം വെളിയത്താംപറമ്പ് ബീച്ചിൽ ഹൈബി ഈഡൻ എംപി തെങ്ങിൻ തൈ നട്ട് പദ്ധതി ഉത്ഘാടനം ചെയ്തു. നായരമ്പലം പഞ്ചായത്ത് പ്രസിഡന്റ് നീതു ബിനോദ് അധ്യക്ഷത വഹിച്ചു. റിലയൻസ് ഫൗഷേൻ ദുരന്ത നിവാരണ വിഭാഗം ഉദ്യോഗസ്ഥരായ ഡോ.ഭരത് കോട്ട, സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെളിൽ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോബി വർഗീസ് എന്നിവർ സംസാരിച്ചു. രാജ്യത്തുടനീളം വിവിധ സംസ്ഥാനങ്ങളിൽ എൻ ജിഒകളുടെയും സാമൂഹിക സംഘടനകളുടെയും സഹകരണത്തോടെയാണ് റിലയൻസ് ഫൗഷേൻ പരിസ്ഥിതി സംരക്ഷണത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

# 'ക്ളീൻ ക്യാമ്പസ് ഹീൽ ക്യാമ്പസ്' പദ്ധതിക്ക് തുടക്കം

**കൊച്ചി:** കൊച്ചി നഗരത്തിലെ കോളേജ് ക്യാമ്പസുകൾ സുചിത്വ പൂർണ്ണവുമായി സംരക്ഷിക്കുന്നത് ലക്ഷ്യം വെച്ചുകൊണ്ട് കൊച്ചി നഗരസഭ നഗരത്തിലെ വിവിധ കോളേജുകളുടെ സഹകരണത്തോടെ ആവിഷ്കരിച്ച 'ക്ലീൻ ക്യാമ്പസ് ഹീൽ ക്യാമ്പസ്' പദ്ധതിക്ക് മഹാരാജാസ് കോളേജിൽ വച്ച് നടന്ന ചടങ്ങിൽ തുടക്കം കുറിച്ചു.'ബീറ്റ് പ്ലാസ്റ്റിക് പൊലൂഷൻ' എന്നതാണ് ഈ വർഷത്തെ പരിസ്ഥിതി ദിന സന്ദേശം. കൊച്ചി നഗരം പ്ലാസ്റ്റിക് മാലിന്യത്തിന്റെ ആധിക്യത്തിൽ ബുദ്ധിമുട്ടുന്ന ഒരു കാലമാണിത്. കാലത്തിന്റെ പ്രതീക്ഷയായ വിദ്യാർത്ഥികളും ഭരണ സംവിധാനവും ചേർന്ന് വലിയ തീരുമാനങ്ങൾക്കും മാറ്റങ്ങൾക്കും നിലാപാടെടുക്കേണ്ട ഈ ഘട്ടത്തിൽ കൊച്ചി നഗരസഭയും നഗരത്തിലെ പ്രധാന കലാലയമായ മഹാരാജാസ് കോളേജും നഗരത്തെ സുഖപ്പെടുത്തുവാൻ വിദ്യാർത്ഥികൾ സ്വയം രൂപം കൊടുത്തിരിക്കുന്ന 'യു കാൻ ഹീൽ' സംവിധാനവും ചേർന്ന് മഹാരാജാസ് കോളേജ് മനോഹരമായി പരിപാലിക്കുന്നതിനുള്ള ഒരു പദ്ധതിയുമായിട്ടാണ് 'ക്ലീൻ ക്യാമ്പസ് ഹീൽ ക്യാമ്പസ്' എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുന്നത്.മഹാരാജാസ് കോളേജ് പ്രിൻസിപ്പാൾ ഡോ. വി.എ



സ്. ജോയി അധ്യക്ഷത വഹിച്ച ചടങ്ങിൽ കൊച്ചി നഗരസഭ വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി ആർ റെനീഷ് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. മഹാരാജാസ് കോളേജ് പിടിഎ, സെക്രട്ടറി, ഡോ. എം.എസ്. മുരളി ചടങ്ങിൽ സ്വാഗതം ആശംസിച്ചു. യു കാൻ ഹീൽ പദ്ധതി കോഡിനേറ്റർ ജോഷി വർഗീസ് പദ്ധതി വിശദീകരണം നടത്തി. വിദ്യാഭ്യാസ കാര്യ സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ വി എ ശ്രീജിത്ത് പരിസ്ഥിതി ദിന സന്ദേശം നൽകി. പദ്ധതിയുടെ ഭാഗമായി ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഷീബ ലാൽ എൻഎസ്എസ്, എൻസിസി ഭാരവാഹികൾക്കും കോളേജ് അധികൃതക്കും തുണി ബാഗുകൾ നൽകിക്കൊണ്ട് പദ്ധതിക്ക് തുടക്കം കുറിച്ചു. ചടങ്ങിൽ മഹാരാജാസ് കോളേജ് വൈസ് പ്രിൻസിപ്പാൾ ഡോ. ബിന്ദു ശർമ്മിള, മഹാരാജാസ് കോളേജ് പിറ്റിഎ വൈസ് പ്രസിഡന്റ് സിജി ബാബു, സിഹെഡ് ഡയറക്ടർ ഡോ രാജൻ എന്നിവർ പങ്കെടുത്തു. ഡിവിഷൻ കൗൺസിലർ പത്മജ എസ് മേനോൻ ചടങ്ങിൽ കൃതജ്ഞത അർപ്പിച്ചു.

# ട്രക്കിങിൽ കരുതൽവേണമെന്ന് നടി നിഷ ഗണേഷ്

**കൊച്ചി:** കോവിഡിന് ശേഷം ട്രക്കിങ് വ്യാപകമായ സാഹചര്യത്തിൽ സുരക്ഷതിവും ആരോഗ്യകരവുമായ ട്രക്കിങിനായി നുറുങ്ങുകൾ പങ്കുവച്ച് നടിയും ട്രക്കിങ് പ്രേമിയുമായ നിഷ ഗണേഷ്. എളുപ്പത്തിൽ കൊുപോകാവുന്നതും, മാറുന്ന കാലാവസ്ഥയിൽ പുതുമ നിലനിർത്തുന്നതുമായ ലഘുഭക്ഷണമാണ് ട്രക്കിങിനിടെ കഴിക്കാൻ മികച്ചതെന്ന് അവർ പറഞ്ഞു. പ്രോട്ടീൻ നിറഞ്ഞ ബദാം പോലുള്ളവയാണ് താൻ ബാഗിൽ കരുതാറ്. ബദാം ആരോഗ്യകരമായ ഊർജ സ്രോതസായതിനാൽ, കയറ്റത്തിന്റെ കഠിനമായ പ്രതലങ്ങളിൽ ട്രക്ക് ചെയ്യുമ്പോൾ അത് ശാരീരിക ക്ഷമത നിലനിർത്താൻ സഹായിക്കും. ശരീരത്തിലെ ഓക്സിജന്റെ അളവ് നിലനിർത്താൻ കൃത്യമായ ഇടവേളകളിൽ വെള്ളം കുടിച്ച് ജലാംശം നിലനിർത്തണം. ഇതിന് ഹൈഡ്രേഷൻ വാട്ടർ പായ്ക്ക് കരുതണം. ട്രക്കിങ് ആരംഭിക്കുന്നതിന് ര് മണിക്കൂർ മുമ്പ് ഭക്ഷണം കഴിക്കുന്നത് ഗുണകരമാവുമെന്നും അവർ പറഞ്ഞു.

# ഹോണ്ട ഇന്ത്യ ലോക പരിസ്ഥിതി വാരം ആചരിക്കുന്നു

**കൊച്ചി:** ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഹോ മോട്ടോർ സൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ ജൂൺ 5 മുതൽ 11 വരെ ഒരാഴ്ച നീളുന്ന ദേശീയ പരിസ്ഥിതി കാമ്പയിൻ എച്ച്എംഎസ്ഐയുടെ സെയിൽസ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ യോഗേഷ് മാത്തൂർ, സെയിൽസ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ തകേഷി കൊബയാഷി എന്നിവരുടെ നേതൃത്വത്തിൽ വൃക്ഷത്തൈ നടീൽ ചടങ്ങോടെ ആരംഭിച്ചു. നോയിഡയിലെ പയനിയർ വൺ ഹോയിൽ നടന്ന ചടങ്ങിൽ സേ നോ ടു പ്ലാസ്റ്റിക് എന്ന പ്രമേയത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറയ്ക്കുന്നതിലും സുസ്ഥിര ബദലുകൾ പ്രോത്സാഹിപ്പിക്കുന്നതിലും കമ്പനി ആത്മാർഥമായ ശ്രമങ്ങൾ നടത്തുന്നു്.

# ജാഗോരേയുടെ ഏറ്റവും പുതിയ പതിപ്പുമായി ടാറ്റാ ടീ

**കൊച്ചി:** കാലാവസ്ഥാ മാറ്റത്തിനെതിരെ ബോധവൽക്കരണം വ്യാപിപ്പിക്കാനായി ടാറ്റാ ടീ  ആഗോള പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് ജാഗോരേ പ്രചാരണ പരിപാടിയുടെ ഏറ്റവും പുതിയ പതിപ്പ്  അവതരിപ്പിച്ചു.കാലാവസ്ഥാ മാറ്റം എന്നത് വിദൂരഭാവിയിലുള്ള ഒന്നല്ല. അടിയന്തര നീക്കങ്ങൾ ആവശ്യമായ ഒന്നാണിത്. നമ്മുടെ കുട്ടികളുടെ ഭാവിയെ ബാധിക്കും വിധം ഗൗരവമായൊരു വെല്ലുവിളിയായി അതു മാറിയിട്ടുണ്ട്.സമൂഹത്തിൽ അർത്ഥവത്തായ മാറ്റങ്ങൾ വരുത്തുന്ന വിധത്തിൽ ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നതിനായി 2007 മുതൽ ടാറ്റാ ടീ ജാഗോരേ പ്രചാരണ പരിപാടികൾ നടത്തി വരുന്നുണ്ടെന്ന് ടാറ്റാ കൺസ്യൂമർ പ്രോഡക്റ്റ്സ് പാക്കേജ്ഡ് ബീവറേജസ് (ഇന്ത്യാ സൗത്ത് ഏഷ്യ) പ്രസിഡൻറ് പുനീത് ദാസ് പറഞ്ഞു.  ̈.കാലാവസ്ഥാ മാറ്റത്തെക്കുറിച്ചുള്ള സന്ദേശം മാതാപിതാക്കൾക്കിടയിൽ കൂടുതലായി എത്തിക്കാൻ ടാറ്റാ ടീ ജാഗോരേയുടെ പുതിയ ടിവി കാമ്പെയിനിൽ ജനപ്രിയ നഴ്സറി ഗാനങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. മുല്ലെൻ ലിൻറാസ് ബംഗലൂരു ആണ് ഇതിൻറെ ആശയാവിഷ്ക്കാരം നടത്തിയിട്ടുള്ളത്. ഈ ചിത്രത്തിൽ നമ്മുടെ കാലത്ത് പ്രിയപ്പെട്ടതായിരുന്ന പദ്യങ്ങൾ നാം ഇപ്പോൾ പ്രവർത്തിച്ചില്ലെങ്കിൽ ഭാവിയിൽ എങ്ങനെയാവും  വ്യത്യസ്തമാകുക എന്ന് വിശദീകരിക്കുന്നു.ജനപ്രിയ നഴ്സറി ഗാനങ്ങളായ ജാക്ക് ആൻറ് ജിൽ, മച്ചലി ജൽ കി റാണി, ടിങ്കിൾ ടിങ്കിൾ ലിറ്റിൽ സ്റ്റാർ, റെയിൻ റെയിൻ ഗോ എവേ തുടങ്ങിയവ പുതുക്കിയ വരികളുമായി എത്തുന്നു. ഇതിലൂടെ നമ്മുടെ ലോകത്തെ നശിപ്പിക്കുന്നതിനു ശക്തിയുള്ള ഇക്കാലത്തെ യാഥാർത്ഥ്യത്തെ കുറിച്ചു ചൂണ്ടിക്കാട്ടുകയും നമ്മുടെ ഭാഗത്തു നിന്നു നീക്കങ്ങൾ ഉണ്ടായില്ലെങ്കിൽ അതു നമ്മുടെ കുട്ടികളെ എങ്ങനെ ബാധിക്കും എന്നും പറഞ്ഞു തരുന്നു.മാറ്റങ്ങളുണ്ടാക്കാൻ ചെറിയ ചില നീക്കങ്ങൾ വഴി കാലാവസ്ഥാ മാറ്റത്തിനെതിരെ പൊരുതാൻ അത് ഉപഭോക്താക്കളെ ആഹ്വാനം ചെയ്യുന്നു. അല്ലെങ്കിൽ അത് പരിഹരിക്കാനാവാത്ത പ്രശ്നമായി മാറുമെന്നും ചൂണ്ടിക്കാട്ടുന്നു. ഉപഭോക്താക്കൾക്ക് ഷമമഴീൃല.രീ സന്ദർശിച്ച് പ്രതിജ്ഞ എടുക്കുകയും തങ്ങളുടെ പിന്തുണ അറിയിക്കുകയും സ്ഥായിയായ ജീവിതശൈലിക്കായും മറ്റുള്ളവരെ പ്രചോദിപ്പിക്കാനും ഉള്ള മാർഗങ്ങൾ നേടുകയും ചെയ്യാം. തങ്ങളുടെ ജീവിതാനുഭവങ്ങൾ പങ്കു വെക്കുകയുമാവാം.സാമൂഹിക പ്രശ്നങ്ങളിൽ സമൂഹത്തിൻറെ കൂട്ടായ അവബോധം വളർത്തുന്നതിൽ ടാറ്റാ ടീ ജാഗോരേ എന്നും വിശ്വസിച്ചിട്ടുണ്ടെന്നും പുനീത് ദാസ് പറഞ്ഞു. കുട്ടികളുടെ ഭാവിക്കായി ഏറ്റവും അടിസ്ഥാനമായ പാരന്റിങിൽ അധിഷ്ഠിതമായാണ് ടാറ്റാ ടീയുടെ ജാഗോരേയുടെ ഏറ്റവും പുതിയ പതിപ്പ് എത്തുന്നത്. ഈ വർഷം തങ്ങൾ ജനപ്രിയ ഗാനങ്ങളാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത്. നാം ഇപ്പോൾ പ്രവർത്തിച്ചില്ലെങ്കിൽ നമ്മുടെ കുട്ടികളുടെ ഭാവി എങ്ങനെയാകും എന്ന് മുന്നറിയിപ്പു നൽകുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി.കാലാവസ്ഥാ മാറ്റത്തിനെതിരെ എങ്ങനെ പോരാടാം എന്നു കൂടുതൽ മനസിലാക്കാനായി ഷമമഴീൃല.രീൽ ലോഗിൻ ചെയ്യാം. ഇക്കാര്യത്തിലെ പിന്തുണ നൽകാനായുള്ള പ്രതിജ്ഞയും എടുക്കാം.




# സൗജന്യ പരിശീലനം

**തിരുവനന്തപുരം:** കേന്ദ്ര തൊഴിൽ ഉദ്യോഗ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം, പട്ടികജാതി, പട്ടികവർഗക്കാരായ യുവതിയുവാക്കളുടെ തൊഴിൽ സാദ്ധ്യത വർധിപ്പിക്കുന്നതിനു വേണ്ടി വിവിധ കോഴ്സുകൾ വിവിധ ജില്ലകളിൽ 2023 ജൂലൈ 1 മുതൽ ആരംഭിക്കും.  സ്പെഷ്യൽ കോച്ചിംഗ് സ്കീം, ഒ ലെവൽ കമ്പ്യൂട്ടർ സോഫ്റ്റ്വെയർ, ഒ ലെവൽ കമ്പ്യൂട്ടർ ഹാർഡ്വെയർ മെയിന്റനൻസ്, ഓഫീസ് ഓട്ടോമേഷൻ, അക്കൗണ്ടിംഗ് ആൻഡ് പബ്ലിഷിംഗ് അസിസ്റ്റന്റ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് ബിസിനസ്സ് അക്കൗണ്ടിംഗ് അസോസിയേറ്റ്, സൈബർ സെക്യേഡ് വെബ് ഡെവലപ്മെന്റ് അസോസിയേറ്റ് എന്നീ കോഴ്സുകളിലാണ് പ്രവേശനം.  കോഴ്സ് കാലാവധി ഒരു വർഷമായിരിക്കും.  18 മുതൽ 30 വയസ്സ് വരെ പ്രായമുള്ളവർക്ക് അപേക്ഷിക്കാം.  സ്പെഷ്യൽ കോച്ചിംഗ് സ്കീമിന് ഉയർന്ന പ്രായപരിധി 27 വയസ്സാണ്.  പ്രതിമാസം 1,000/ രൂപ സ്റ്റൈപ്പന്റും മറ്റു പഠനസാമഗ്രികളും സൗജന്യമായി നൽകും.  കോഴ്സുകളിൽ ചേരാൻ താൽപര്യമുള്ളവർ ജൂൺ 30ാം തീയതിക്കകം വിശദമായ ബയോഡാറ്റയും, എസ്.എസ്.എൽ.സി., പ്ലസ്ടു, വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, എംപ്ലോയ്മെന്റ് കാർഡ്, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, ബാങ്ക് പാസ്ബുക്ക് (Front Page) എന്നീ രേഖകളുടെ കോപ്പി സഹിതം The Sub-Regional Employment Officer, National Career Service Cetnre for SC/STs, Behind Music College, Thycaud, Trivandrum – 14 എന്ന വിലാസത്തിലോ placementsncstvm@gmail.com എന്ന ഇമെയിലിലോ അയക്കേണ്ടതാണ്.

# 'OneDI' ;കൊച്ചി മെട്രോ ഫീഡർ സർവ്വീസുകൾ ഏകീകരിപ്പിച്ച് മൊബൈൽ ആപ്പ്



**കൊച്ചി:**കൊച്ചി മെട്രോ ഫീഡർ സർവ്വീസുകളുടെ ടിക്കറ്റുകൾ ഇനി ഡിജിറ്റൽ രൂപത്തിലും ലഭ്യമാകും. ഫീഡർ ബസുകളുടെയും ഫീഡർ ഓട്ടോകളുടെയും ടിക്കറ്റുകൾ ഇനി മുതൽ 'OneDI' ആപ്പ് വഴി ബുക്ക് ചെയ്യാം. പരീക്ഷണാടിസ്ഥാനത്തിൽ ഇന്നു മുതൽ 'OneDI' ആപ്പിന്റെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഉപയോഗിക്കാം. കൊച്ചി മെട്രോയുടെ ഫീഡർ സർവ്വീസുകൾ നൽകുന്ന കെഎസ്ബിഎൽ, എറണാകുളം ജില്ലാ ഓട്ടോ ഡ്രൈവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി എന്നിവരുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ക്യൂ ആർ കോഡുകൾ വഴി ഫീഡർ സർവ്വീസുകളുടെ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കുന്നതിനാണ് പരീക്ഷണാടിസ്ഥാനത്തിൽ ഇന്ന് മുതൽ ആപ്പ് പൊതുജനങ്ങളിലേക്കെത്തിക്കുന്നത്. ആലുവ മെട്രോ സ്റ്റേഷൻ എയർപോർട്ട് റൂട്ടിലെ ഫീഡർ ബസ്സുകളിലും കാക്കനാട് വാട്ടർ മെട്രോ ടെർമിനൽ, എറണാകുളം സൗത്ത്, , മഹാരാജാസ്,എംജി റോഡ്, കലൂർ, ഇടപ്പിള്ളി മെട്രോ സ്റ്റേഷനുകളിൽ നിന്നുള്ള ഫീഡർ ഓട്ടോകളിലുമാണ് നിലവിൽ ഈസൗകര്യം ലഭ്യമാവുക. എയർപോർട്ട് സർവ്വീസിലെ സ്ഥിരം യാത്രക്കാർക്കായി പ്രത്യേക ഇളവുകളോടുകൂടിയ ഫീഡർ യാത്രാ പാസ്സുകളും ആപ്പിൽ ലഭ്യമാണ്.യാത്രക്കാർക്ക് 'OneDI' എന്ന മൊബൈൽ ആപ്പ് ഫോണിൽ ഡൗൺലോഡ് ചെയ്തും മേൽപ്പറഞ്ഞ മെട്രോ സ്റ്റേഷനുകളിലെ നോട്ടീസ് ബോർഡിലും ഫീഡർ പാർക്കിംഗ് ഏരിയയ്ക്കടുത്തും പ്രദർശിപ്പിച്ചിരിക്കുന്ന ക്യൂ ആർ കോഡ് വഴിയും ഫീഡർ സർവ്വീസുകളുടെ ടിക്കറ്റുകൾ ബുക്ക് ചെയ്യാം. ക്യൂആർ കോഡുകൾ സ്കാൻ ചെയ്തതിന് ശേഷം മൊബൈൽ നമ്പർ ഉപയോഗിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൊച്ചി മെട്രോ, വാട്ടർ മെട്രോ സർവ്വീസുകളുടെ ക്യൂആർ ടിക്കറ്റുകൾ നിലവിൽ കൊച്ചി വൺ ആപ്പ് വഴി ലഭ്യമാണ്. ഫീഡർ സർവ്വീസുകളിലും ഡിജിറ്റൽ/ക്യാഷ് ലെസ് യാത്ര പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് 'OneDi' ആപ്പ് പൊതുജനങ്ങൾക്കായി ഒരുക്കിയിരിക്കുന്നത്. ഡിജിറ്റിൽ ടിക്കറ്റ് ബുക്ക് ചെയ്യുക വഴി ഓട്ടോകൾ കൃത്യമായ ചാർജ്ജ് ആണ് ഈടാക്കുന്നതെന്നും ഉറപ്പാക്കാനാകും.  സിറ്റിയിൽ സർവ്വീസ് നടത്തുന്ന മറ്റ് ബസ്സുകളിലേക്കും ഓട്ടോറിക്ഷകളിലേക്കും ഈ സേവനം വ്യാപിപ്പിക്കുന്നതിനായുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com